**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ-14/1187/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ. തിയതി:09.03.2020
Ph:04862-227332
E-mail:doidk.ksad@kerala.gov.in

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

**പ്രസിഡന്റ്,**
മൂന്നാർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :- മൂന്നാർ ഗ്രാമ പഞ്ചായത്ത്-2018-19- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മൂന്നാർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) .
റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി.**

**പകർപ്പ്,**
1.ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഇ-മെയിൽ മുഖേന)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ-ഐ.ഡി.കെ.14/1187/2019 തീയതി:09.03.2020

## ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഇടുക്കി ജില്ലയിലെ **മൂന്നാർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 01.07.2018 മുതൽ 15.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **36** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **18** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി.ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ | |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16.12.2019 മുതൽ 21.12.2019 വരെ | |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജോസഫ് ചാക്കോ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജിബി ഇ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രഹാം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽ കുമാർ ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. ആർ കറുപ്പ് സ്വാമി | 01-04-2018മുതൽ 31-03-2019 വരെ |
| **സെക്രട്ടറി** | ശ്രീ. എ.പി ഫ്രാൻസീസ് | 01-04-2018മുതൽ 30-04-2018 വരെ |
| | ശ്രീ.വിനയൻ പി.എസ് | 01-05-2018മുതൽ 20-06-2018 വരെ |
| | ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ | 21-06-2018 മുതൽ 31-03-2019വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസി.സെക്രട്ടറി** | ശ്രീ. പി.ബി മനോജ്കുമാർ | 01-04-2018മുതൽ 23-06-2018 വരെ |
| | ശ്രീ.കലേഷ് പി.ഡി | 24.06.2018മുതൽ 31.03.2019വരെ |
| **അസി.എഞ്ചിനീയർ** | ശ്രീ. രാഹുൽ മോഹൻ | 01-04-2018മുതൽ 26-11 -2018വരെ |
| | ശ്രീ.സൂരജ് വി.എസ് | 27.11.2018മുതൽ 31.01.2019വരെ |
| | ശ്രീ.വർഗ്ഗീസ് ജോസഫ് | 01-02-2019മുതൽ 07-03-2019വരെ |
| | ശ്രീ.ജോസ് പ്രവീൺ സെബി | 08-03-2019മുതൽ 31-03-2019വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി.ഗ്രീഷ്മാ മാത്യു. | 01-04-2018മുതൽ 15-02-2019 വരെ |
| | ശ്രീ.മണികണ്ഠൻ എസ് | 16-02-2019 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്.സൂപ്പർവൈസർ** | ശ്രീമതി. പി.എൻ. തുളസി | 01-04-2018മുതൽ 31-03-2019വരെ |
| **മെഡിക്കൽ ഓഫീസർ (ആരോഗ്യം)** | ഡോ.ഹരികൃഷ്ണൻ | 01-04-2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ. അനൂപ് ജോസ് | 01-04-2018മുതൽ31-03-2019വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)** | ഡോ.ശ്രീദർശൻ കെ.എസ്. | 01-04-2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. രാമസ്വാമി | 01-04-2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഗ്രാമസേവകൻ | ശ്രീ.ജയരാജ് വി | 01-04-2018 മുതൽ 30-09-2018 വരെ |
| | ശ്രീ.സാജു പി.യു | 01-10-2018 മുതൽ 31-03-2019വരെ |
| ഹെഡ് മാസ്റ്റർ | അഗസ്റ്റിൻ ജോസഫ് | 01-04-2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ. നം. | ഖണ്ഡിക നം. | ഖണ്ഡികകൾ |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി വൻ തുക ഈടാക്കാനവശേഷിക്കുന്നു |
| 13 | 1-13 | വസ്തു നികുതി- ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും നികുതി നിർണ്ണയിക്കാത്തത് |
| 14 | 1-14 | തൊഴിൽ നികുതി ,അപാകതകൾ |
| 15 | 1-15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് അപാകതകൾ |
| 16 | 1-16 | ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല, രസീതുകൾ ഹാജരാക്കിയില്ല |

| | | |
|---|---|---|
| 17 | 1-17 | വാടക സംബന്ധിച്ച അപാകതകൾ |
| 18 | 1-18 | ക്ലീനിംങ്ങ് തൊഴിലാളികൾക്ക് ഗംബൂട്ട്, റെയിൻ കോട്ട്, യൂണീഫോം പദ്ധതിയിലെ വാങ്ങൽ നപടിയിൽ അപാകത |
| 19 | 1-19 | മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ്- പദ്ധതി നടത്തിപ്പിൽ അപാകത |
| 20 | 1-20 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം , അപാകതകൾ, |
| 21 | 1-21 | റോഡ് കോൺക്രീറ്റിംഗ് – ടെൻഡർ അംഗീകാരത്തിലെ പിഴവ് മൂലം നഷ്ടം സംഭവിച്ചു |
| 22 | 1-22 | തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൌണ്ടുകൾ |
| 23 | 1-23 | വനിതകൾക്ക് ഉൽപ്പന്ന വിപണന കേന്ദ്രം -പദ്ധതി പൂർത്തീകരിക്കാത്തത്. |
| 24 | 1-24 | എഫ്.റ്റി.എസ് ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി നൽകിയത് |
| 25 | 1-25 | എസ്.എസ്.എ. വിഹിതം നൽകൽ |
| 26 | 1-26 | തെരുവ് വിളക്ക് സാമഗ്രികളുടെ വാങ്ങൽ നടപടിയിൽ സുതാര്യതയില്ല |
| 27 | 1-27 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല – ചെലവ് തടസ്സം ₹232500/- |
| 28 | 1-28 | ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല |
| 29 | 1-29 | ഡെപ്പോസിറ്റ് വർക്ക് - പദ്ധതി പൂർത്തീകരിച്ച വിവരങ്ങളില്ല |
| 30 | 1-30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -തനത് ഫണ്ടിൽനിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല |
| 31 | 1-31 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ -പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല |
| 32 | 1-32 | ലൈഫ് പദ്ധതി അവലോകനം |
| 33 | 1-33 | എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല |
| 34 | 1-34 | ആശ്രയ പദ്ധതി അക്കൗണ്ടിൽ ഗണ്യമായ നീക്കിയിരിപ്പ് |
| 35 | 1-35 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 36 | 1-36 | വർഷങ്ങളായി നികുതി കുടിശ്ശികയുള്ള വാഹനങ്ങളുടെ നികുതി ഒടുക്കിയിട്ടും |

| | | |
|---|---|---|
| | | ഉപയോഗപ്രദമാക്കാൻ നടപടികളില്ല |
| 37 | 1-37 | പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള ഇ-ടെണ്ടർ നടപടികൾ പാലിക്കുന്നില്ല. |
| 38 | 1-38 | ആനുകൂല്യം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 39 | 3-1 | ക്ലീനിംങ്ങ് തൊഴിലാളികൾക്ക് ഗംബൂട്ട്, റെയിൻ കോട്ട്, യൂണീഫോം പദ്ധതിയിലെ വാങ്ങൾ നടപടിയിൽ അപാകത, നഷ്ടം ,₹11410/- |
| 40 | 3-2 | റോഡ് കോൺക്രീറ്റിംഗ്- ടെൻഡർ അംഗീകാരത്തിലെ പിഴവ് മൂലം നഷ്ടം സംഭവിച്ചു. |
| 41 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 42 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 43 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 45 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 46 | 4-6 | സ്ഥിര നിക്ഷേപം |
| 47 | 4-7 | ഓഡിറ്റ് റിക്കവറി |
| 48 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 49 | 4-9 | ചാർജ് /സർചാർജ് നടപടിവഴി ഈടാക്കിയ തുക |
| 50 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ |
| 52 | **അനുബന്ധം-1** | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

07.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12588170.06 |
| വരവ് | 111239198.00 |
| ആകെ | 123827368.06 |
| ചെലവ് | 98745788.00 |
| നീക്കിയിരിപ്പ് | 25081580.06 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28027591 | 28027591 | 14023716 | 14003875 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 44936000 | 44936000 | 24773844 | 20162156 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1899000 | 1899000 | 200000 | 1699000 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 1302000 | 1302000 | 766526 | 535474 |
| മെയിന്റനൻസ് ഫണ്ട് –നോൺ റോഡ്. | 0 | 4006000 | 4006000 | 1573777 | 2432223 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. | 0 | 14199693 | 14199693 | 7676476 | 6523217 |
| ബി-ഫണ്ട് | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എ.എസ്.<br>(ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്) | 0 | 37945011 | 37945011 | 37945011 | 0 |
| എം.എൻ.ആർ.ഇ.ജി.എ.എസ്.(ഭരണചെലവുകൾ) | 51806 | 566398 | 618204 | 44011 | 574193 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട്-എസ്.എസ്.എ | 351503 | 12465 | 363968 | 0 | 363968 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-പൈക്ക. | 232939 | 8261 | 241200 | 0 | 241200 |
| സംസ്ഥാന ഗ്രാന്റ് (ലൈഫ്) | 0 | 819045 | 819045 | 110000 | 709045 |
| ശുചിത്വ മിഷൻ (വിമുക്തി) | 0 | 2010835 | 2010835 | 25000 | 1985835 |
| സംയുക്ത പദ്ധതി- ബ്ലോക്ക് പഞ്ചായത്ത് | 0 | 1000000 | 1000000 | 1000000 | 0 |
| ശുചിത്വമിഷൻ | 0 | 456842 | 456842 | 0 | 456842 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 19911935 | 19911935 | 19911935 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-ഐ.സി.ഡി.എസ്. | 2400000 | 649125 | 3049125 | 2400000 | 649125 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് | 0 | 175000 | 175000 | 175000 | 0 |
| ശുചിത്വ മിഷൻ | 0 | 5535038 | 5535038 | 5535038 | 0 |
| കേരളോൽസവം | 0 | 20000 | 20000 | 0 | 20000 |
| റവന്യൂ ഗ്രാന്റ് | 0 | 317031 | 317031 | 317031 | 0 |
| തനത് ഫണ്ട് (ട്രഷറി) | 1207553 | 24198657 | 25406210 | 23630358 | 1775852 |
| തനത് ഫണ്ട് (ബാങ്ക്+പണം) | 8344369.06 | 55558566 | 63902935.06 | 45597415 | 18305520.06 |

**കുറിപ്പ്-:**

മുൻവർഷ നീക്കിയിരിപ്പ് പ്രകാരം ആകെ ₹20893383/- ആകുന്നു. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം ₹12588170/- ആണ്. വ്യത്യാസം - ₹9512766/- (ഇത് ഐ.സി.ഡി.എസ്. ₹2400000 + ജനറൽ പർപ്പസ് ഫണ്ട് ₹6214781/- + തനത് ഫണ്ട് (ട്രഷറി) ₹897985/- എന്നിവ അധികമായി ഉൾപ്പെടുത്തിയതുമൂലമാണ്. ആയതിനാൽ ഇപ്പോൾ RP40(a) പ്രകാരമുള്ള തുക ഉൾപ്പെടുത്തുന്നു.)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 153434910 | 120 | 58654064 | 0 | 115 | 51.06 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | വകയിരുത്തിയ തുക(₹) | പദ്ധതി ചെലവ്(₹) |
|---|---|---|---|---|
| 1.സെക്രട്ടറി | 33 | 16 | 26495150 | 13368581 |
| 2.അസി.എൻജിനീയർ | 175 | 84 | 83567343 | 31134138 |
| 3.വെറ്ററിനറി സർജൻ | 3 | 2 | 1650000 | 925000 |
| 4.കൃഷി ഓഫീസർ | 2 | 3 | 4429786 | 176395 |
| 5. വി ഇ ഒ | 5 | 2 | 20475000 | 1110000 |
| 6. ഐ സി ഡി എസ്.സൂപ്പർവൈസർ | 6 | 6 | 8311682 | 8153500 |
| 7. മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 5 | 3 | 1146349 | 389550 |
| 8. മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 400000 | 400000 |
| 9.മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 300000 | 300000 |
| 10.അസി.സെക്രട്ടറി | 4 | 2 | 6659600 | 2696900 |
| **ആകെ** | **235** | **120** | **153434010** | **58654064** |

**വികസന ഫണ്ട് നഷ്ടം**

ഗ്രാമപഞ്ചായത്തിന്റെ വിനിയോഗത്തിലെ കുറവ് മൂലം വികസനഫണ്ട് നഷ്ടമായത് 45355915/-കോടി രൂപയാണ്.പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ താഴെ പറയും വിധം വികസന ഫണ്ട് ലഭിച്ചിട്ടുള്ളതായി കാണുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 28027591 | 14023716 | 14003875 |
| വികസന ഫണ്ട് (എസ്.സി.പി) | 44936000 | 24773844 | 20162156 |
| വികസന ഫണ്ട് (ടി.എസ്.പി) | 1899000 | 200000 | 1699000 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 1302000 | 766526 | 535474 |
| മെയിന്റനൻസ് ഫണ്ട് –നോൺ റോഡ്. | 4006000 | 1573777 | 2432223 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. | 14199693 | 7676476 | 6523217 |
| | | ആകെ | 45355945 |

ഓരോ വർഷവും അതാത് വർഷത്തെ ബാലൻസ് തുക സർക്കാരിലേക്ക് തിരികെ പോകുന്നു.മേൽ പറഞ്ഞ പ്രകാരം തൻവർഷം ₹45355945/- പഞ്ചായത്തിന് നഷ്ടമായി. വികസന പ്രവർത്തനങ്ങൾക്ക് ഉതകുമായിരുന്ന ഫണ്ട് നഷ്ടമായതിന് വിശദീകരണം നൽകേണ്ടതാണ്.

**മോണിട്ടറിംഗ് സംവിധാനം നിർജ്ജീവം**

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രോഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

നിർവ്വഹണ ഘട്ടത്തിൽ വിഭാവനം ചെയ്ത ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എ.എസ്. (ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്) | 0 | 37945011 | 37945011 | 37945011 | 0 |
| എം.എൻ.ആർ.ഇ.ജി.എ.എസ്. (ഭരണചെലവുകൾ) | 51806 | 566398 | 618204 | 44011 | 574193 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 2959600 | 56 |
| വാർദ്ധക്യകാലപെൻഷൻ | 9456000 | 284 |
| വികലാംഗപെൻഷൻ | 1090800 | 29 |
| അവിവാഹിത പെൻഷൻ | 26400 | 1 |

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ വളരെ ചുരുക്കം അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. അപേക്ഷകൾ ലഭിച്ച തീയതി, അംഗീകരിച്ച തീരുമാന നം.,തീയതി മുതലായ വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. ക്ഷേമപെൻഷൻ രജിസ്റ്ററിന്റെ സൂക്ഷിപ്പ് പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധയും അലംഭാവവും വെളിപ്പെടുത്തുന്നു. പെൻഷൻ രജിസ്റ്റർ പൂർണമായും കൃത്യമായും എഴുതി സൂക്ഷിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹74447/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്.സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല.ഫയലുകൾ

കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്,ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 18 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല .ഓഡിറ്റ് വർഷത്തിൽ 3 വർക്കിങ് ഗ്രൂപ്പുകൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗങ്ങളിൽ തന്നെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ എന്തെങ്കിലും വിഷയം ചർച്ച ചെയ്തതായോ ഏതെങ്കിലും തീരുമാനം എടുത്തിട്ടുള്ളതായോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന വിവരവും നിരീക്ഷിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

**ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റുകൾ തിരികെ നല്കിയതിന്റെ വിശദാംശങ്ങൾ ചേർത്ത് രജിസ്റ്ററിൽ ക്ലോസ്സ് ചെയ്യേണ്ടതും ബാക്കിയുള്ളവ ആകെ തുക കൂട്ടിയെഴുതി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2019,12.11.2019 | 10/ 2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്. | 24-04-2014 മുതൽ 08-05-2014 വരെ | 2009-10മുതൽ 2014-15 വരെ | 09-07-2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1) വിവിധ നികുതി-നികുതിയേതര വരവുകളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷിക കണക്കുകളും അതത് വരവുകളുടെ രജിസ്റ്ററുകളുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം ₹ | | | രജിസ്റ്റർ പ്രകാരം ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി-തൻവർഷം | 9033820 | 8208602 | 1397440 | 9039952 | 8459706 | 771703 |

| | | | | | | |
|---|---|---|---|---|---|---|
| വസ്തുനികുതി-കുടിശ്ശിക | 3363352 | 2636681 | 674226 | 3825904 | 2531101 | 1317157 |
| തൊഴിൽ നികുതി – (സ്ഥാപനങ്ങൾ) കുടിശ്ശിക | 41530 | 7750 | 33780 | ഡി.സി.ബി. പരിപാലിച്ചിട്ടില്ല | | |
| തൊഴിൽ നികുതി-ജീവനക്കാർ | 4439005 | 4421005 | 0 | 4475285 | 4439005 | 36280 |
| ലൈസൻസ് | 974650 | 983150 | 0 | 974650 | 974650 | 0 |
| വാടക-തൻവർഷം | 1120410 | 1120410 | 0 | 1384882 | 1297370 | 34212 |
| വാടക-കുടിശ്ശിക | 188284 | 478700 | 0 | ഡി.സി.ബി.പരിപാലിച്ചിട്ടില്ല | | |

2. ആസ്തി ബാധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 31.03.2019ൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന ഹെഡിലെ തുകയുടെ കൃത്യതയും നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടും വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100121 | 649125.00 |
| 2 | 320200399 | 709045.00 |
| 3 | 320300199 | 1985835.00 |

3) വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ₹9689140/-യുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4) 2018-19 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹5308740/- രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ട്സ് മാനുവൽ പ്രകാരമല്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് ₹823862/-യുടെയും നീക്കിയിരിപ്പ് ₹1122182/-യുടെയും കൃത്യത വ്യക്തമല്ല.

6. വാർഷിക കണക്കുകൾ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിലെ തുകകൾ ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി മാസാന്ത്യ-വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | 31.03.2019ലെ നീക്കിയിരിപ്പ് ₹ |
|---|---|---|
| 1 | 450230101-ഐ.ഡി.സി.ബി. ഫണ്ട് | (തനത്) 16213671.00 |
| 2 | 450250110-ട്രഷറി - ടി.എസ്.ബി. | 4927574.00 |
| 3 | 450610104-എസ്.ബി.ടി. - പ്ലാൻ | 2422428.00 |

7) മുൻകൂർ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി-18ൽ കൊടുത്തിരിക്കുന്ന ₹1381841/-യുടെ കൃത്യത വ്യക്തമല്ല.

8) വരവ്-ചെലവ് പത്രികയിലെ ആർ.പി.-7, 31 ഷെഡ്യൂളുകളിൽ 2018-19ൽ കാണിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിലെ തുകകളുടെ സ്രോതസ്സും നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടും വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320200399 | 819045.00 |
| 2 | 320300199 | 2010835.00 |
| 3 | 320800199 | 456842.00 |
| 4 | 160100799 | 317031.00 |

9) പ്രയർ പിരിയഡ് ഇനത്തിൽ 2018-19ൽ ₹1454849/- ക്രമീകരിച്ചിട്ടുള്ളതിന് വ്യക്തമായ രേഖകൾ ഇല്ല.

## 1-12 വസ്തു നികുതി വൻ തുക ഈടാക്കാനവശേഷിക്കുന്നു

വസ്തു നികുതിയിനത്തിൽ വൻ തുക പിരിഞ്ഞു കിട്ടാനവശേഷിക്കുന്നു.**(ധനകാര്യ പത്രികയുടെ ബി-15 ഷെഡ്യൂൾ കാണുക.)** ടി തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക (₹) |
|---|---|
| പാർപ്പിടാവശ്യം (തൻവർഷം) | 203590 |
| പാർപ്പിടാവശ്യം (കുടിശ്ശിക) | 131387 |
| പാർപ്പിടേതരാവശ്യം (തൻവർഷം) | 1263723 |
| പാർപ്പിടേതരാവശ്യം (കുടിശ്ശിക) | 576551 |

## 1-13 വസ്തു നികുതി-ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും നികുതി നിർണ്ണയിക്കാത്തത്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ, സഞ്ചയയിലെ വസ്തു നികുതി നിർണ്ണയ കണക്കുകളുമായി താരതമ്യം ചെയ്തു പരിശോധിച്ചപ്പോഴും സഞ്ചയയിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചപ്പോഴും യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നു, ആയുർവ്വേദ സ്പായ്ക്ക് യഥാർത്ഥ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയും 100 ച.മീ മുകളിലും ഉള്ള കെട്ടിടങ്ങൾക്ക് അതിനെക്കാൾ കുറഞ്ഞ ലോഡ്ജിന്റെ നിരക്ക് നിർണ്ണയിച്ചിരിക്കുന്നു, ഹോംസ്റ്റേ, കോട്ടേജ് എന്നിവയ്ക്ക് ലോഡ്ജിന്റെ നിരക്ക് നിർണ്ണയിച്ച് നൽകിയിരിക്കുന്നു, ഓഫീസ് ആവശ്യത്തിന് നികുതി നിർണ്ണയിക്കേണ്ടവയ്ക്ക് യഥാർത്ഥ നിരക്കല്ല നിർണ്ണയിച്ചിരിക്കുന്നത്, റിസോർട്ടിന്റെ നിരക്ക് നിർണ്ണയിക്കേണ്ട കെട്ടിടങ്ങൾക്ക് പലതിനും 100 ച.മീ വരെയും 100 ച.മീ മുകളിൽ ഉള്ള കെട്ടിടങ്ങളുടെയും നിരക്ക് നിർണ്ണയിച്ചിരിക്കുന്നു. ഹോട്ടലുകൾ ,റെസ് റ്റോറന്റുകൾ എന്നിവയ്ക്ക ലോഡ്ജുകളുടെ നികുതി നിരക്ക്

,എന്നിങ്ങനെ വളരെയധികം അപാകതകൾ നികുതി നിരക്ക് നിർണ്ണയിച്ചിരിക്കുന്നതിൽ കണ്ടെത്തി. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | വാർഡ്/നം | ഉപയോഗ ക്രമം. (ഡി.ഠ ഒ/ സഞ്ചയ) | വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച നിരക്ക്, ₹ | നിർണ്ണ യിക്കേണ്ട നിരക്ക്, ₹ | നികുതി നിരക്കിലെ കുറവ്, ₹ | തുക |
|---|---|---|---|---|---|---|---|---|
| 1 | ഗ്രെയ്സ് പദ്മാവതി | III/276 | ടീ സെയിൽസ് ഔട്ട് ലെറ്റ് | 114 | 8 | 70 | 62 | 62x114=7068 |
| 2 | ഇ.ജെ വർക്കിച്ചൻ, ഇടശ്ശേരി | X/835,1 | സ്പാ | 1115 .49 | 70 | 160 | 90 | 90x1115.49 =160394 |
| 3 | “ | X/835,2 | ഹോട്ടൽ | 1132 | 70 | 90 | 20 | 20x1132=22640 |
| 4 | “ | X/835,3 | ഹോട്ടൽ | 2264 | 70 | 90 | 20 | 20x2264=45280 |
| 5 | “ | X/835,4 | ഹോട്ടൽ | 1132 | 70 | 90 | 20 | 20x1132=22640 |
| 6 | “ | X/824 | ഹോട്ടൽ | 50 | 70 | 90 | 20 | 20x50=1000 |
| 7 | “ | X/825 | ഹോട്ടൽ | 50 | 70 | 90 | 20 | 20x50=1000 |
| 8 | “ | X/827 | ഹോട്ടൽ | 50 | 70 | 90 | 20 | 20x50=1000 |
| 9 | റോയൽ റിട്രീറ്റ് | XI/72 | ലോഡ്ജ് | 465 | 40 | 70 | 30 | 30x465=13950 |
| 10 | “ | XI/73 | ലോഡ്ജ് | 385 | 40 | 70 | 30 | 30x385=11550 |
| 11 | “ | XI/74 | ലോഡ്ജ് | 210.87 | 40 | 70 | 30 | 30x210.87=6326 |
| 12 | “ | XI/75 | ലോഡ്ജ് | 83 | 40 | 70 | 30 | 30x83=2490 |
| 13 | “ | XI/76 | ലോഡ്ജ് | 37.14 | 40 | 70 | 30 | 30x37.14=1114 |
| 14 | എസ്.എ കോട്ടേജ് | IX/7 | ലോഡ്ജ് | 270 | 40 | 60 | 20 | 20x270=5400 |
| 15 | ഇമ്മാനുവൽ കോട്ടേജ് | IX/59 | ലോഡ്ജ് | 56 | 40 | 60 | 20 | 20x56=1120 |
| 16 | ഫെഡറൽ ബാങ്ക് | XIX/265 | ഓഫീസ് | 50 | 40 | 50 | 10 | 10x50=500 |
| 17 | സെക്രട്ടറി, ഡി.റ്റി.പി.സി | X/937/1 | ലോഡ്ജ് | 1160.22 | 40 | 70 | 30 | 30x1160.22=34807 |
| 18 | ഹോട്ടൽ സി.7 | XIX/474 | ലോഡ്ജ് | 1740 | 40 | 70 | 30 | 30x1740=52200 |
| 19 | വി.കെ സദാനന്ദൻ | XIII/270 | ലോഡ്ജ് | 824 | 40 | 70 | 30 | 30x824=24720 |
| | | | | | | | ആകെ | =459199 |

മേൽ അപാകതകൾക്ക് വിശദീകരണം അറിയിക്കുവാനും സഞ്ചയയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്നത് പരിശോധിച്ച് അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (15)ന്,

ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനക്രമീകരിച്ച് കുടിശ്ശിക ഉൾപ്പെടെ മുൻകാല പ്രാബല്യത്തിൽ നികുതി ഈടാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്നും ഫീൽഡ് തല അന്വേഷണം നടത്തി ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്ന കെട്ടിടങ്ങളുണ്ടോ എന്ന് പരിശോധിച്ച് ആയത് ഉണ്ടെങ്കിൽ മേൽ കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി ഈടാക്കുന്നതാണ് എന്നുമാണ് മറുപടിയിൽ ലഭ്യമാക്കിയത്.

എൻക്വയറിയിൽ നികുതി നിരക്കിൽ വ്യത്യാസമുള്ള കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. റിസോർട്ട് എന്ന ഗണത്തിൽ നികുതി നിർണ്ണയിക്കേണ്ട വളരെയധികം കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ട്. എന്നാൽ സഞ്ചയയിൽ റിസോർട്ട് എന്ന ഗണത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങൾ വളരെ കുറവാണ്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്ന ഗണത്തിൽപ്പെടുന്നവ 68 കെട്ടിടങ്ങളും അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് എന്നീ ഗണത്തിൽപ്പെടുന്ന 201 കെട്ടിടങ്ങളും ഉള്ളതായി സഞ്ചയയിൽ കാണുന്നു. ഇവയിൽ ഭൂരിഭാഗവും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയും 100 ച.മീ മുകളിലും തറ വിസ്തീർണ്ണം ഉള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നീ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളാണെങ്കിലും നികുതിയിളവു ലഭിക്കുവാൻവേണ്ടി ലോഡ്ജ് എന്ന ഗണത്തിൽപ്പെടുത്തി ₹40/- നിരക്കിൽ നികുതിക്കു ഈടാക്കുന്നു.

2014-15 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1ൽ നികുതി നിരക്ക് കുറവായി നിർണ്ണയിച്ചിരിക്കുന്നതിനാൽ കൂടിയ നികുതി നിരക്ക് ചുമത്തേണ്ട പതിനൊന്ന് സ്ഥാപനങ്ങളുടെ പരാമർശമുണ്ടായിരുന്നു. അവയിൽ സി-7 ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങളുടെ നിരക്ക് കൂട്ടി നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനങ്ങളെല്ലാം ഇപ്പോൾ റിസോർട്ടുകളാണ്. എന്നാൽ റിസോർട്ടുകൾക്ക് ബാധകമായ നികുതിയല്ല ഈടാക്കുന്നത്.

പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യത്യാസങ്ങളും തറവിസ്തീർണ്ണത്തിലെ അപാകതകളും പരിഹരിക്കേണ്ടതാണ്. 2014-15 ലെ റിപ്പോർട്ടിൽ പരാമർശവിധേയമായിട്ടും അധികൃതർ നികുതി നിരക്ക് പുതുക്കി നിർണ്ണയിക്കാത്തത് ഓഡിറ്റ് അതീവ ഗൗരവത്തോടെ കാണുന്നു.കുടിശ്ശിക അടക്കം ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആ കാലയളവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഭരണവകുപ്പ് അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 തൊഴിൽ നികുതി-അപാകതകൾ

**എ)** തൊഴിൽ നികുതി രജിസ്റ്ററിൽ 151 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ അപൂർണ്ണവും ക്രമരഹിതവുമായതിനാൽ എത്ര സ്ഥാപനങ്ങൾ യഥാർത്ഥത്തിലുണ്ട്, എത്ര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ലഭ്യമായിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ മേൽപ്പറഞ്ഞ 151 സ്ഥാപനങ്ങളിൽ പലതിൽ നിന്നും തൊഴിൽ നികുതി ലഭ്യമായിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 1-ഉം 2-ഉം അർദ്ധവർഷങ്ങളിൽ നികുതി

അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജി.ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | 24 | ഡെയറി മാനേജർ, ERCMPU ലി, മിൽമ | നോട്ടീസ് നൽകി |
| 2 | 27 | പോലീസ് സർക്കിൾ ഇൻസ്പെക്ടർ, മൂന്നാർ | നോട്ടീസ് നൽകി |
| 3 | 35 | അസി.എക്സി എഞ്ചിനീയർ ,PWD | നോട്ടീസ് നൽകി |
| 4 | 72 | പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം, മൂന്നാർ | നോട്ടീസ് നൽകി |
| 5 | 84 | ഹിൽടോപ്പ് ലോഡ്ജ് | നോട്ടീസ് നൽകി |
| 6 | 88 | കാർത്തിക റസിഡൻസി | നോട്ടീസ് നൽകി |
| 7 | 92 | മുത്തൂറ്റ് ഫൈനാൻസ് ലി | നോട്ടീസ് നൽകി |
| 8 | 109 | ടാറ്റ ബിസിനസ്സ് സപ്പോർട്ട് സർവ്വീസ് ലി | നോട്ടീസ് നൽകി |
| 9 | 120 | മാർതോമ്മ റിട്രീറ്റ് ,മൂന്നാർ | നോട്ടീസ് നൽകി |
| 10 | 123 | അശ്വിൻ റാം കോട്ടേജ്, | നോട്ടീസ് നൽകി |
| 11 | 125 | അർച്ചന റെസിഡൻസി | നോട്ടീസ് നൽകി |
| 12 | 128 | ടി & യു ലെഷർ ഹോട്ടൽ | നോട്ടീസ് നൽകി |
| 13 | 137 | KSCS കോർപ്പറേഷൻ, താലൂക്ക് ഡിപ്പാർട്ടുമെന്റ് | നോട്ടീസ് നൽകി |
| 14 | 139 | പോസ്റ്റ് മാസ്റ്റർ, മൂന്നാർ കോളനി | നോട്ടീസ് നൽകി |

രജിസ്റ്ററിൽ വിവരങ്ങൾ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയതായി കാണുന്നു. ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട കൊണ്ടുള്ള എൻക്വയറിക്ക് (29,എ) നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങളും ( രസീത് നം, തീയതി ) അടവാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥ പിഴവ് കാരണം സ്ഥാപനങ്ങൾ നികുതി അടവാക്കിയില്ല എന്ന് വ്യക്തമായാൽ മേൽ നികുതി നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്**

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | രജി ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 2 | IDCB, മൂന്നാർ മെയിൻ ബ്രാഞ്ച് | II |

| | | | |
|---|---|---|---|
| 2 | 3 | മാനേജർ ഫെഡറൽ ബാങ്ക് | I & II |
| 3 | 5 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് | II |
| 4 | 6 | UBI, മൂന്നാർ | II |
| 5 | 7 | മുത്തൂറ്റ് ഫൈനാൻസ് ലിമിറ്റഡ് | II |
| 6 | 8 | ന്യൂ ഇൻഡ്യ ഇൻഷുറൻസ് ലിമിറ്റഡ് | II |
| 7 | 9 | SBI | I & II |
| 8 | 10 | മഹീന്ദ്ര ഫൈനാൻസ് ലിമിറ്റഡ് | II |
| 9 | 11 | IDCB മൂന്നാർ , സായാഹ്ന ശാഖ | II |
| 10 | 12 | ചെമ്മണ്ണൂർ ക്രഡിറ്റ്സ് & ഫൈനാൻസ് ലിമിറ്റഡ് | II |
| 11 | 13 | കൊശമറ്റം ഫൈനാൻസ് | I & II |
| 12 | 14 | തലയാർ ടീ കമ്പനി | II |
| 13 | 15 | ദേവികുളം താലൂക്ക് പ്ളാന്റേഷൻ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | II |
| 14 | 16 | മാനേജർ, കോ-ഓപ്പറേറ്റീവ് ബാങ്ക് | II |
| 15 | 17 | ടാറ്റ ഗ്ളോബൽ ബിവറേജ്സ് ലിമിറ്റഡ്, സ്പെഷ്യൽ പ്രോജക്ട് | II |
| 16 | 19 | മാക്സ് വാല്യൂ ക്രെഡിറ്റ് | II |

രജിസ്റ്ററിൽ 21 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണുള്ളത്. ഇതിൽ ഫെഡറൽ ബാങ്ക്, SBI & കൊശമറ്റം ഫൈനാൻസ് എന്നീ സ്ഥാപനങ്ങൾ രണ്ടു അർദ്ധ വർഷങ്ങളിലും നികുതി അടവാക്കിയതായി കാണുന്നില്ല. ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് (29,ബി) മറുപടി നൽകിയില്ല. വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ് .

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ

**(i) ഫീസ് നിരക്കുകൾ പരിഷ്കരിച്ചില്ല**

ജി.ഒ(പി)നം.80/2017/എൽ.എസ്.ജി.ഡി തീ.31.10.2017 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ ഉൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങൾക്കും പരിഷ്കരിച്ച നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18 തീ.18.12.2019) ഭാവിയിൽ പരിഷ്കരിച്ച ഫീസ് നിരക്കുകൾ ഈടാക്കുമെന്നറിയിച്ചിട്ടുണ്ട്. ടി വിശദീകരണം നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**(ii)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല**

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**(iii)ഡേറ്റ പ്യൂരിഫിക്കേഷനിൽ അപാകത**

ഒക്യുപ്പൻസിയുടെ അടിസ്ഥാനത്തിൽ സഞ്ചയയിൽ ശരിയായി രേഖപ്പെടുത്താതിരുന്നതിനാൽ ഡേറ്റ പ്യൂരിഫിക്കേഷനിൽ അപാകത നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(i)ലൈസൻസ് രജിസ്റ്റർ പ്രകാരം കെ.ഡി.എച്ച്.പി കമ്പനിയുടെ ഉടമസ്ഥതയിലുള്ള III/276 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തേയില വിൽപ്പന കേന്ദ്രത്തിന്റെ (വിസ്തീർണ്ണം-114 ച.മീ.) വസ്തു നികുതി പാർപ്പിടാവശ്യത്തിനുള്ള 8 രൂപ/ച.മീ. നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. (ii)ടാറ്റാ ടീയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള XII/153-ൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള 8 രൂപ/ച.മീ. നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള ടി കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. (iii)ഡി & ഒ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഈസ്റ്റെൻഡ് റിസോർട്ടിന്റെ ഉടമസ്ഥതയിലുള്ള X/835(1)-ൽ പ്രവർത്തിക്കുന്ന ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് (വിസ്തീർണ്ണം-1115.49 ച.മീ.) 70 രൂപ/ച.മീ നിരക്കിലാണ് വസ്തുനികുതി

നിർണ്ണയിച്ചിട്ടുള്ളത്. യഥാർത്ഥ ഒക്യുപ്പൻസി പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കുകയും സഞ്ചയയിൽ അപാകത നിലനിൽക്കുകയും ചെയ്യുന്നതിനാൽ ഡേറ്റ പ്യൂരിഫിക്കേഷനിൽ അപാകത നിലനിൽക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.18 തീ.19.12.2019)മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ പൂർണ്ണമായി പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല,രസീതുകൾ ഹാജരാക്കിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ലൈബ്രറികളിൽ നിന്ന് ഓഡിറ്റ് വർഷം ₹1800/- മാത്രമാണ് വരുമാനം ലഭിച്ചത്. പ്രതിമാസം ₹6000/- നിരക്കിൽ 2 താൽക്കാലിക ലൈബ്രേറിയന്മാരുടെ ചുമതലയിലായിരുന്നു ലൈബ്രറി പ്രവർത്തിച്ചിരുന്നത്. ലൈബ്രേറിയന്മാരെ പിരിച്ച് വിട്ടതിനെ തുടർന്ന് ഈ 2ലൈബ്രറികളും നിലവിൽ പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തെ രസീതുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി ലൈബ്രറികളിൽ എത്ര പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നും മെമ്പർഷിപ്പ് ഫീസ്, വാർഷിക വരിസംഖ്യ എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടോയെന്നും ഇതിനാൽ പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.33 തീ.19.12.2019) മറുപടി ലഭിച്ചില്ല. ലൈബ്രറിയുടെ ചുമതലക്കാരെ നിയമിച്ച് സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 വാടക സംബന്ധിച്ച അപാകതകൾ

**(i)മുൻ വർഷത്തേക്കാൾ കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തൻ വർഷത്തെ വാടക മുൻ വർഷത്തെ അപേക്ഷിച്ച് കുറവായാണ് ഈടാക്കിയത്. മുൻവർഷത്തേതിൽ നിന്നും കുറഞ്ഞ നിരക്കിൽ വാടക ഈടാക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം, റൂം നമ്പർ | വാടകയ്ക്ക് എടുത്തത് | 2017-18 ൽ ഈടാക്കിയ പ്രതിമാസ വാടക | 2018-19 ൽ ഈടാക്കിയ പ്രതിമാസ വാടക |
|---|---|---|---|
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് , നം.14 | വിൻസെന്റ് | 750 | 370 |
| തലയാർ ഷോപ്പിംഗ് കോംപ്ലക്സ് നം.1 | നാഗേന്ദ്രൻ | 823 | 810 |

കുറവ് വന്ന തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**(ii)വാടക ഒടുക്കാതെ പ്രവർത്തിക്കുന്നു**

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തൻവർഷത്തെ വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല

| കെട്ടിടം, റൂം നമ്പർ | വാടകയ്ക്ക് എടുത്തത് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|
| ചട്ടമൂന്നാർ വെയ്റ്റിംഗ് ഷെഡ് നം.1 | കറുപ്പ് സ്വാമി, പാർവതി ഡിവിഷൻ | 02/2019 മുതൽ നാളിതുവരെ | വാടക നിർണ്ണയിച്ചതായി രേഖയില്ല |
| പോസ്റ്റ്മാസ്റ്റർ, കോളനി പി.ഒ | പോസ്റ്റ് മാസ്റ്റർ | 04/2018 മുതൽ 03/2019 വരെ | 155x12 |

കൂടാതെ വാടക രജിസ്റ്ററിൽ തൻ വർഷത്തെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ഡി.സി.ബി കൃത്യമായി തയ്യാറാക്കി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**(iii)ഇ.പി.എഫ് ഓഫീസിൽ നിന്നും വാടക പിരിയ്ക്കുന്നില്ല- കുടിശ്ശിക ലക്ഷങ്ങൾ**

ഓഫീസിന് സമീപം വാടകയ്ക്ക് നൽകിയിരിക്കുന്ന ഇ.പി.എഫ് ഓഫീസിൽ നിന്നും 2007-08 മുതൽ നാളിതുവരെ വാടക ഈടാക്കാത്തതിനാൽ 7.6 ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നു. ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കുടിശ്ശിക ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19 തീ. 18.12.2019 ) അപാകത പരിഹരിച്ച് ഉടനടി പിഴപ്പലിശ സഹിതം വാടക ഈടാക്കുമെന്നറിയിച്ചിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ക്ലീനിംങ്ങ് തൊഴിലാളികൾക്ക് ഗംബൂട്ട്, റെയിൻ കോട്ട്, യൂണിഫോം പദ്ധതിയിലെ വാങ്ങൽ നപടിയിൽ അപാകത - നഷ്ടം ₹11410/-

തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഗംബൂട്ട്, ഗ്ലൌസ് എന്നിവ വാങ്ങിയതിൽ അംഗീകരിച്ച ടെണ്ടർ നിരക്കിലും അധിക തുക അനുവദിച്ചതുമൂലം ₹11410/-യുടെ നഷ്ടമുണ്ടായി. വിശദവിവരം **ഭാഗം-3ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-19 മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ്- പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0006/19, മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് |
| അടങ്കൽ ₹ 10000000/- | ₹ 2850000/- (വികസന ഫണ്ട്)<br>₹ 2129000/- (ധന കാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 4021000/- ( തനത് ഫണ്ട്) |

| | |
|---|---|
| | ₹ 1000000/- (ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം./തീയതി /തുക | 1) 14/18-19/ 24.11.2018/ ₹ 2692090/-<br>2) 15/18-19/ 24.11.18/ ₹ 1549300/-<br>**ആകെ: ₹ 4241390/-** |

മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതിയിൽ മൂന്നാർ ടൗണിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ പഞ്ചായത്തിന്റെ കൈവശത്തിലുള്ള മാലിന്യ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനായി വരുന്ന ചെലവിലേക്ക് വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം ഹോട്ടലുകൾ, റിസോർട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് ടി സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ യൂസർ ഫീ ഇനത്തിൽ വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്. ഇപ്രകാരം തുക ഈടാക്കുന്നതിന് പഞ്ചായത്ത് തുക നിശ്ചയിച്ച് തയ്യാറാക്കിയിട്ടുള്ളത് കേവലം 48 സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുത്തിയാണ്. താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജോലിക്കാർ മുഖനയാണ് പിരിവ് നടത്തുന്നത്. പണംപിരിവിൽ ഒട്ടുംതന്നെ സുതാര്യത ഉറപ്പുവരുത്തിയിട്ടില്ല. പട്ടികയിൽ ഉൾപ്പെടാത്ത ചില സ്ഥാപനങ്ങളിൽ നിന്നും പണം പിരിവ് നടത്തിയിട്ടുള്ളതായി കാണുന്നു. പണപ്പിരിവ് സംബന്ധിച്ച് കൃത്യമായ ഡിമാന്റ്, കളക്ഷൻ വിവരം സൂക്ഷിച്ചിട്ടില്ല. 2018-19 വർഷം ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം ലഭ്യമല്ല. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പ്രകാരം 201 ഹോട്ടലുകളും 38 റിസോർട്ടുകളും ഉണ്ടെന്നിരിക്കെ കേവലം 48 സ്ഥാപനങ്ങളിൽ നിന്ന് മാത്രം യൂസർ ഫീ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ₹1000/- മുതൽ ₹4000/- വരെയുള്ള തുകയാണ് പ്രതിമാസ യൂസർ ഫീ. യൂസർ ഫീ ഇനത്തിൽ 2018-19 ൽ ₹1048200/- മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിക്കായി ₹4241390/- ചെലവഴിച്ചിട്ടുണ്ട്. കൃത്യമായ ഡിമാന്റ് കണക്കുകളില്ലാത്തതിനാൽ യൂസർഫീ ഇനത്തിൽ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ടൂറിസ്റ്റ് മേഖലയായ മൂന്നാറിൽ വലിയ നിരക്കുകൾ ഈടാക്കി പ്രവർത്തിക്കുന്ന ഹോട്ടലുകൾ/ റിസോർട്ടുകൾ എന്നിവയിൽ നിന്നും നീതിയുക്തമായ യൂസർ ഫീ ഈടാക്കി മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കേണ്ടതാണ്.

മാലിന്യം നീക്കം ചെയ്യുന്നതിനായി ടിപ്പർ ലോറി, ട്രാക്ടർ എന്നിവ വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ടൗൺ ശുചീകരണത്തിന് പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല എന്നതും പദ്ധതിചെലവ് വർദ്ധിക്കുവാൻ ഇടവരുത്തുന്നു. ഈ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽ ഭൂരിഭാഗവും രണ്ട് അല്ലെങ്കിൽ മൂന്ന് മുറികൾ മാത്രമുള്ളവയായും കുടുംബമാതൃകയിൽ പ്രവർത്തിക്കുന്നവയുമാണെന്നും അവയുടെ മാലിന്യങ്ങൾ ഗാർഹിക മാതൃകയിൽ സംസ്കരിച്ച് പോരുന്നതാണെന്നും മൂന്നാറിൽ പ്രവർത്തിക്കുന്ന മുന്തിയ റിസോർട്ടുകൾക്ക് സ്വന്തമായി സ്വീവേജ് ട്രീറ്റ്മെന്റ്

പ്ലാന്റുകളും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളും ലോൺട്രി യൂണിറ്റുകളും ഉള്ളതാണെന്നും ആയതിനാൽ യൂസർ ഫീ ഒടുക്കിയുള്ള മാലിന്യ സംസ്കരണത്തിൽ ഇക്കൂട്ടർ താല്പര്യം കാണിക്കാറില്ലെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ രാജാക്കാട്, രാജകുമാരി കല്ലാർ മേഖലയിൽ പ്രവർത്തിക്കുന്ന വൻകിട പന്നി വളർത്തൽ ഫാമുകൾ മൂന്നാർ, പള്ളിവാസൽ പ്രദേശത്തെ വൻകിട/ ചെറുകിട ഹോട്ടലുകളിൽ നിന്നുമുള്ള ഭക്ഷ്യാവശിഷ്ടങ്ങൾ നേരിട്ട് ശേഖരിക്കുന്നതായും വിശദീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ സംഭവിച്ച മുരടിപ്പ് മൂലം പല റിസോർട്ടുകളുടെയും പ്രവർത്തനം അവസാനിപ്പിക്കേണ്ട സാഹചര്യവുമാണുള്ളതെന്നും സെക്രട്ടറി മറുപടിയായി അറിയിച്ചിരിക്കുന്നു. മാലിന്യ സംസ്കരണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക സംബന്ധിച്ച കൃത്യമായ കണക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല.യൂസർ ഫീ പിരിവ്, യൂസർ ഫീ അടയ്ക്കേണ്ട സ്ഥാപനങ്ങളുടെ ഡിമാന്റ് കണക്കുകൾ, ശുചീകരണ തൊഴിലാളികളുടെ നിയമനം, വാഹന വാടക തുടങ്ങിയ വിഷയങ്ങളിലെ സുതാര്യക്കുറവ് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-20 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ,

**എ)**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് & നം | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ,(എസ്.സി.പി), 141/2018-19 |
| അടങ്കൽ | ₹25,01,250 (₹25,00,000 എസ്.സി.പി, ₹1250 തനത് ഫണ്ട്) |
| ബിൽ നം & തുക | 1/18-19, ₹ 2496900, 05/01/19<br><br>(₹ 24,54,586 + 42314 ജി.എസ് .ടി) |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം,എസ്.സി.പി, പദ്ധതി നം 141/2018-19 പ്രകാരം ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ₹2454586/- ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട് .

**ബി)**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് & നം | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ), 11/2018-19 |
| അടങ്കൽ | ₹ 500000 (₹495900 വികസന ഫണ്ട്, ₹ 250 തനത് ഫണ്ട്) |
| ബിൽ നം & തുക | 16/ 18-19, ₹ 495900, 05/11/18<br><br>(₹ 487496 + 8404 ജി.എസ് .ടി) |

സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ,ജനറൽ, പദ്ധതി നം 141/2018-19 പ്രകാരം ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്,കോഴിക്കോട് എന്ന സ്ഥാപനത്തിന് ₹487496 /- ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട് .

രണ്ട് പദ്ധതികളും നടപ്പാക്കിയതിൽ ഗുരുതരമായ വളരെയധികം പിഴവുകൾ കാണുകയുണ്ടായി. പദ്ധതികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ(പി)259/2010 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. എന്നാൽ സാധനസാമഗ്രികൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കുകയും, ഇനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഏറ്റവും നല്ലതും ഉപകാരപ്രദവുമായ ഇനങ്ങൾ തെരഞ്ഞെടുക്കണം എന്ന പ്രാഥമികമായ കർത്തവ്യം നടപ്പിലാക്കിയിട്ടില്ല.

**2.** 28.12.18 ലെ സപ്ലൈ ഓർഡർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി ആഞ്ഞിലി തടി കൊണ്ടുള്ള 574 കട്ടിലുകൾക്ക്( ഒരു എണ്ണത്തിന് ₹ 4350/- പ്രകാരം ) മേൽ സ്ഥാപനത്തിന് ഓർഡർ നല്കി. സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ നം 217/ 29.12.18 പ്രകാരം 574 കട്ടിലുകൾ ലഭ്യമായിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28.12.2018ലെ തന്നെ സപ്ലൈ ഓർഡർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി ആഞ്ഞിലി തടികൊണ്ടുള്ള 114 കട്ടിലുകൾക്ക്(ഒരെണ്ണത്തിന് 4350/- പ്രകാരം)മേൽ സ്ഥാപനത്തിന് ഓർഡർ നൽകി. സ്റ്റോക്ക രജിസ്റ്ററിൽ ബിൽ നം.218/29.12.18 പ്രകാരം 114 കട്ടിലുകൾ ലഭ്യമായിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്.

**3.** നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വന്തമായി വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ നിന്ന് പദ്ധതി പ്രകാരം എത്ര കട്ടിലുകൾ വിതരണം ചെയ്തു, എത്ര എണ്ണം വിതരണം ചെയ്യുവാൻ ബാക്കിയുണ്ട് എന്നത് വ്യക്തമല്ല. എന്നാൽ വിതരണ രജിസ്റ്ററിൽ 2017-18 ലെ സെക്രട്ടറിയുടെ കട്ടിൽ വിതരണത്തിന്റെയും 2018-19 ലെ സെക്രട്ടറിയുടെയും അസി.സെക്രട്ടറിയുടെയും കട്ടിൽ വിതരണത്തിന്റെയും ഗുണഭോക്താക്കളുമുണ്ട്.

**4.** വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന എല്ലാ പദ്ധതികൾക്കും അർഹമായ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുക്കണമെന്നിരിക്കെ ഈ പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്ന ലിസ്റ്റിൽ നിന്നാണ്. ഗുണഭോക്തൃ പട്ടികയ്ക്ക് ഗ്രാമസഭയുടെ സാധൂകരണം വാങ്ങാതിരുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

**5.** ലഭ്യമായ കട്ടിലുകൾ ആഞ്ഞിലി തടി കൊണ്ടുള്ളതാണ് എന്നുള്ള സർട്ടിഫിക്കറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

**6.** ലഭ്യമായ കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് ടിയാന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ അടുക്കിവച്ചിരിക്കുന്ന കട്ടിലുകൾ

പരിശോധിക്കുകയുണ്ടായി. 247 കട്ടിലുകളാണ് പരിശോധനയിൽ കണ്ടെത്തിയത്. മുൻവർഷത്തെ ഒരെണ്ണം, തൻവർഷത്തെ രണ്ടും ഉൾപ്പെടെ 3പ്രോജക്റ്റുകളിൽ ഉൾപ്പെട്ട കട്ടിലുകളാണിവ എന്നതിനാൽ ഓരോ പ്രോജക്ടിലും ബാക്കിയുള്ളവയുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്.

7. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ അടുക്കിവച്ചിരിക്കുന്ന 247 കട്ടിലുകൾ വിവിധ തരം തടികൾ കൊണ്ട് നിർമ്മിച്ചവയാണ്. ആഞ്ഞിലി തടി കൊണ്ടു പണിത കട്ടിലുകൾക്കാണ് വിതരണക്കാരന് സപ്ലൈ ഓർഡർ നൽകിയത്. ലഭ്യമായ കട്ടിലുകൾ ഇതേ തടി കൊണ്ടുള്ളതാണ് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്.

അപാകതകൾ സംബന്ധിച്ച എൻക്വയറികൾക്ക് (23&24) മറുപടി ലഭ്യമാക്കിയില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയിൽ ഗുരുതരമായ പിഴവുകളും ഉത്തരവാദിത്തമില്ലായ്മയും വരുത്തിയിരിക്കുന്നു. സമൂഹത്തിലെ വൃദ്ധരും ദരിദ്രരുമായ ജനങ്ങൾക്ക് ഉത്തരവാദിത്തത്തോടെ സഹായം നൽകേണ്ടതിനു പകരം തികഞ്ഞ അലംഭാവമാണ് ചെയ്തിരിക്കുന്നത്. ഇത് ഓഡിറ്റ് വളരെ ഗൗരവമായി കാണുന്നു.

മേൽ പരാമർശിച്ച അപാകതകളാൽ കട്ടിൽ വാങ്ങുന്നതിനായി ചെലവഴിച്ച ₹2992800/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**സി)** 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം, സെക്രട്ടറിയുടെ പദ്ധതിയിൽ ₹6409200/- തടസ്സപ്പെടുത്തിയിരുന്നു(ഖണ്ഡിക 3-9). രണ്ടു വർഷങ്ങളിലായി ₹9402000/-യുടെ കട്ടിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് – വിതരണ കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. വാങ്ങൽ നടപടികളിൽ വ്യവസ്ഥാപിതമായ നടപടികൾ സ്വീകരിക്കാതിരുന്നതും വിതരണത്തിൽ സുതാര്യത പുലലർത്താത്തതും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതും നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അവശ്യാധിഷ്ഠിതമല്ലാതെയും രേഖകളുടെ പിൻബലമില്ലാതെയും സാധനങ്ങൾ വാങ്ങി സൂക്ഷിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം നിജപ്പെടുത്തുന്നതിന് വകുപ്പുതല അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റിംഗ് -ടെൻഡർ അംഗീകാരത്തിലെ പിഴവ് മൂലം നഷ്ടം സംഭവിച്ചു

തലയാർ ഡിവിഷൻ സെൽവറാണി വീട് മുതൽ പൂമണി വീട് വരെ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-5) പ്രവൃത്തിക്ക് 23.14% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ജെ.മനോജ് എന്നയാൾ കരാർ വയ്ക്കാതിരുന്നതുമൂലം റീ ടെണ്ടർ നടത്തുകയുണ്ടായി. എന്നാൽ ടിയാനെ റീ ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നു കമ്മിറ്റി തീരുമാനിച്ചുവെങ്കിലും ഇദ്ദേഹം സമർപ്പിച്ച മാപ്പപേക്ഷ പരിഗണിച്ച് റീ ടെണ്ടറിൽ ഉൾപ്പെടുത്തുകയും ടിയാൻ ക്വോട്ട് ചെയ്ത 1% കുറഞ്ഞ നിരക്ക് അംഗീകരിക്കുകയും ചെയ്തു. ശ്രീ.മനോജിന്റെ മാപ്പപേക്ഷ പരിഗണിച്ചപ്പോൾ റീ ടെണ്ടർ നടത്താതെ ഇദ്ദേഹത്തിന് 23.14% കുറഞ്ഞ നിരക്ക് പരിഗണിക്കാതെ റീ ടെണ്ടർ നടത്തി 1%കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മനോജിനുതന്നെ ടെണ്ടർ അംഗീകരിച്ച് നൽകുകവഴി പഞ്ചായത്തിന് ₹5466/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം **ഖണ്ഡിക 3-2ൽ** ഉൾപ്പെടുത്തുന്നു.

## 1-22 തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൗണ്ടുകൾ

തനത് ഫണ്ട് സൂക്ഷിപ്പിനായി ഐ.ഡി.സി.ബി.മൂന്നാർ ശാഖയിൽ നിലനിൽക്കുന്ന പഞ്ചായത്തിന്റെ പ്രധാന അക്കൗണ്ട് കൂടാതെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കാനായി ഐ.ഡി.സി.ബി യിൽ മറ്റൊരു അക്കൗണ്ടും നിലനിൽക്കുന്നു. തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.19 തീ. 18.12.2019) ആവശ്യമില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. വാടക പിരിവിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ട് ക്ലോസ് ചെയ്ത് ഒരു ബാങ്ക് അക്കൗണ്ടിലൂടെ മാത്രം പഞ്ചായത്തിന്റെ തനത് ഫണ്ട് ഇടപാടുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-23 വനിതകൾക്ക് ഉൽപ്പന്ന വിപണന കേന്ദ്രം-അനുമതി കൂടാതെ പ്രവൃത്തി നടത്തിയത് പാഴ്ചെലവായി.

മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ പാർക്കിംഗ് ഗ്രൗണ്ടിനോട് ചേർന്ന സ്ഥലത്ത് വനിതകൾക്കായി ഒരു ഉൽപ്പന്ന വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് ലക്ഷമിടുന്നതാണ് പദ്ധതി (പദ്ധതി നം.169/19). പദ്ധതിയുടെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 65,00,000/- രൂപയാണ്. പദ്ധതി നടത്തുന്നതിന് ഇ-ടെന്റർ ക്ഷണിച്ച് ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ ചിക്കു ആർ. പുളിക്കൻ എന്നയാൾ സമർപ്പിച്ച ₹5315777/-യുടെ ടെന്റർ 24.10.2018-ലെ 1(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 20.12.2018-ൽ കരാർ ഉടമ്പടിയും ചമച്ച് നിർമ്മാണം ആരംഭിച്ചു.

പ്രസ്തുത സ്ഥലം പരിസ്ഥിതിലോല പ്രദേശം എന്ന നിലയിൽ നിർമ്മാണ നിരോധനം നിലനിൽക്കുന്ന കെ.ഡി.എച്ച്. വില്ലേജിൽ ഉൾപ്പെട്ടതായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ അംഗീകാരം ആവശ്യമായിരുന്നു. എന്നാൽ അപ്രകാരം NOC വാങ്ങാതെ പ്രവൃത്തി ആരംഭിച്ചതിനാൽ, മൂന്നാർ വില്ലേജ് ഓഫീസറുടെ 6.2.2019-ലെ 8/19 ഉത്തരവ്, ദേവികുളം സബ് കളക്ടറുടെ 8.2.20019-ലെ B2-268/2018 ഉത്തരവ് എന്നിവ പ്രകാരം നിർമ്മാണം നിർത്തിവയ്ക്കുന്നതിന് പഞ്ചായത്ത് നിർബന്ധിതമായി. കെട്ടിടത്തിന്റെ റൂഫ് സ്ലാബ് വരെയുള്ള പണികൾ പൂർത്തിയാകുമ്പോഴാണ് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ടി വന്നത്.

വാണിജ്യാവശ്യ കെട്ടിട നിർമ്മാണ നിരോധനം നിലനിൽക്കുന്ന മേഖലയായതിനാൽ ഇത്രയും ബൃഹത്തായ പ്രോജക്റ്റ് ഏറ്റെടുക്കുന്നതിനുമുമ്പ് നിർബന്ധമായും കേരള വനം പരിസ്ഥിതി വകുപ്പിനുകീഴിലുള്ള സംസ്ഥാനതല പരിസ്ഥിതി ആഘാതവിലയിരുത്തൽ അതോറിറ്റിയിൽ നിന്ന്(State Level Enviornmental Impact Assessment Authority-SLEIAA)ക്ലിയറൻസ് നേടേണ്ടിയിരുന്നു. പ്രസ്തുത നിരാക്ഷേപ പത്രം വാങ്ങാതെ പ്രവൃത്തിയുമായി മുന്നോട്ടുപോയ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഓരോവർഷവും ഗുരുതരമായ കാലാവസ്ഥാ വ്യതിയാനം മൂലം ഭീകരമായ കെടുതികൾ അനുഭവിക്കേണ്ടിവരുന്ന പ്രദേശമാകയാൽ പ്രസ്തുത നിർമ്മിതിയുടെ പൂർത്തീകരണത്തിന് അനുമതി കിട്ടാനുള്ള സാധ്യത ഏറെ വിരളമാണ്. ഭരണസമിതി, സെക്രട്ടറി, സാങ്കേതികവിഭാഗം ജീവനക്കാർ എന്നിവർ പ്രസ്തുത പാഴ്ചെലവിന് തുല്യ ഉത്തരവാദികളാണ്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ ആവിഷ്കരിച്ച് പാതിവഴിയിൽ നിലച്ചുപോയ പ്രോജക്റ്റിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധ്യമായ നടപടികൾ സ്വീകരിച്ച് നിർമ്മാണ നിരോധനത്തിൽ ഇളവ് ലഭ്യമാക്കി, നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

അല്ലാത്തപക്ഷം ടി ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമെന്ന് പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-24 എഫ്.റ്റി.എസ് ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി നൽകിയത്

ഗ്രാമപഞ്ചായത്തിലെ എഫ്.റ്റി.എസ് ജീവനക്കാർക്ക് 29.02.1984 ലെ സ.ഉ(കൈ) 39/84/ എൽ.എ & എസ്.ഡബ്ല്യൂ.ഡി പ്രകാരം പരമാവധി സറണ്ടർ ചെയ്യാവുന്ന വാർഷിക പരിധി 20 ദിവസമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 8 എഫ്.റ്റി.എസ്.ജീവനക്കാർക്ക് പരിധിയിൽ കവിഞ്ഞ് സറണ്ടർ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എഫ്.റ്റി.എസ്.ജീവനക്കാർക്കുള്ള പരമാവധി എടുക്കാവുന്ന ആർജ്ജിതാവധി സറണ്ടർ 20 ദിവസമായി പരിമിതപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-25 എസ്.എസ്.എ. വിഹിതം നൽകൽ

എസ്.എസ്.എ. വിഹിതം -

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 1/18-19/16.06.18 | ₹500000/- (ജനറൽ) |
| 2/18-19/16.06.18 | ₹1500000/-(എസ്.സി.പി) |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം |

എസ്.എസ്.എ. വിഹിതം നല്കുന്നതിനായി തൻവർഷം ₹2000,000/- ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ചെലവാകുന്ന തുകയായ ₹96021177/-യുടെ ആനുപാതിക വിഹിതമായാണ് ₹2079582/- ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ ₹2000,000/-യാണ് ഗ്രാമപഞ്ചായത്ത് എസ് എസ് എ വിഹിതമായി നല്കിയിരിക്കുന്നത്. ഇനം തിരിച്ചുള്ള വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-26 തെരുവ് വിളക്ക് സാമഗ്രികളുടെ വാങ്ങൽ നടപടികളിൽ സുതാര്യതയില്ല

| | |
|---|---|
| പ്രോജക്ട് | S0012/19, തെരുവ് വിളക്ക് സാമഗ്രികൾ |
| അടങ്കൽ | ₹ 1900000/- ( തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൌച്ചർ നം./തീയതി/ തുക | 1) 21800094/30.04.18/₹ 496800/-<br>2) 21800362/24.07.18/₹ 494500/-<br>3) 21801295/31.03.19/₹ 908698/-(GST-15974/-)<br>**ആകെ ₹ 1899998/-** |

2018-19 ൽ മേൽ പദ്ധതിക്കായി ₹1900000/- വകയിരുത്തിയെങ്കിലും 04.04.18 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ₹497000/- അടങ്കൽ രേഖപ്പെടുത്തി, പോസ്റ്റുകളിൽ സ്ഥാപിക്കുവാനുള്ള 24 w LED ബൾബുകൾക്കും അവയുള്ള ഫിറ്റിങ്ങുകൾക്കും ടെണ്ടർ ക്ഷണിച്ചു. ഇതിൽ കുറഞ്ഞ നിരക്ക് ₹2400/- രേഖപ്പെടുത്തിയ ഒമേഗ സോളാർ, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 25.04.2018 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 1(6) തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് 10 ദിവസത്തിന് ശേഷം 05.05.2018 ലെ ടെണ്ടർ നോട്ടീസ് പ്രകാരം വീണ്ടും തെരുവ് വിളക്ക് സാമഗ്രികൾ (1) 20 W CFL (spiral)- 500 Nos., 2) 2.5 Aluminium wire single core- 5 coil, 3) Holder (Ordinery)- 300 Nos., 4) Insulation Tape-100 Nos.) വാങ്ങുന്നതിന് ₹494500/- അടങ്കലിൽ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ₹ 494500/- രേഖപ്പെടുത്തിയ നാഗേശ്വരി എന്റർപ്രൈസസ്, മറയൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 31.05.2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിനാണ് 5 ലക്ഷം രൂപയിൽ താഴെയുള്ള തുകയ്ക്ക് തുടരെ രണ്ട് തവണ ടെണ്ടർ വിളിച്ചതെന്ന് അനുമാനിക്കാവുന്നതാണ്. പിന്നീട് പദ്ധതിയിൽ അവശേഷിക്കുന്ന തുകയ്ക്ക് 06.03.2019 ൽ, മുമ്പ് വാങ്ങിയ ഇനങ്ങൾ ഉൾപ്പെടെ തെരുവ് വിളക്ക് മെറ്റീരിയൽസ് 12 ഇനങ്ങൾ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും വളരെ കുറഞ്ഞ നിരക്കിൽ നേരിട്ട് വാങ്ങി.

പദ്ധതി അടങ്കൽ ₹1900000/- ആയിരുന്നിട്ടും ഇ-ടെണ്ടർ നടത്താതെ സാധാരണ ടെണ്ടർ നടത്തിയതിനാൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കാതെ വരികയും വളരെ കൂടിയ നിരക്കിൽ തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങുകയും ചെയ്തു . നാഗേശ്വരി എന്റർപ്രൈസസിൽ നിന്നും വാങ്ങിയ അതേ ഇനങ്ങൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ നിന്നും ഏകദേശം ഒമ്പത് മാസങ്ങൾക്ക് ശേഷം വാങ്ങിയിട്ടുപോലും വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നാഗേശ്വരി എന്റർപ്രൈസസ് | | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | | അധികമായി വന്നത് |
|---|---|---|---|---|---|---|---|
| | | | നിരക്ക് | തുക | നിരക്ക് | തുക | |
| 1 | 20 W CFL (spiral) | 500 | 843.70 | 421850 | 230 | 115000 | 306850 |
| 2 | 2.5 Aluminium wire single core | 5 coil | 4130 | 20650 | 350 | 1750 | 18900 |
| 3 | Holder (Ordinery) | 300 | 158 | 47400 | 19 | 5700 | 41700 |
| 4 | Insulation Tape | 100 | 46 | 4600 | 12 | 1200 | 3400 |
| | ആകെ | | | 494500 | | 123650 | 370850 |

ഈ വാങ്ങലിൽ മാത്രം സ്ഥാപനത്തിന് ₹ 370850/- ന്റെ നഷ്ടം ഉണ്ടായിരിക്കുന്നു. കൂടാതെ ആദ്യ ടെണ്ടർ പ്രകാരം

ഒമേഗ സോളാർ , കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 24w LED സ്ട്രീറ്റ് ലൈറ്റ് ₹ 2400/- നിരക്കിൽ 207 എണ്ണം വാങ്ങിയതിന് ആകെ ₹ 496800/- ചെലവഴിച്ചപ്പോൾ 25w LED ലൈറ്റുകൾക്ക് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ ₹1750/- നിരക്ക് മാത്രമാണ് ഉള്ളത്. ടി നിരക്ക് പ്രകാരം 207 സ്ട്രീറ്റ് ലൈറ്റ് ₹362250/- ലഭിക്കുമായിരുന്നു. ഈ ഇനത്തിൽ ₹134550/- അധിക ചെലവ് ഉണ്ടായിരിക്കുന്നു.

മേൽ പദ്ധതിയിൽ വാങ്ങൽ നടപടി ക്രമങ്ങളിൽ ഉണ്ടായ വീഴ്ച മൂലം ആകെ ₹505400/- അധികമായി ചെലവഴിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32) ലഭ്യമാക്കിയ മറുപടിയിൽ ജൂൺ മാസത്തിൽ ശക്തമായ കാലവർഷത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിരുന്ന വൈദ്യുത വിളക്കുകൾ പ്രവർത്തന ക്ഷമമല്ലാതായ സാഹചര്യത്തിൽ അടിയന്തരമായി പത്രപരസ്യം നൽകി ടെണ്ടർ ചെയ്യുകയും രണ്ടാം ഘട്ടത്തിൽ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രളയ സമയത്ത് സാധാരണ ടെണ്ടർ നടപടിയിലൂടെ ഓപ്പൺ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയാണ് ഉണ്ടായത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ ഈ മറുപടി വാസ്തവ വിരുദ്ധവും അംഗീകരിക്കുവാൻ കഴിയാത്തതുമാണ്. കാരണം മേൽ പ്രതിപാദിച്ച രണ്ട് ടെണ്ടറുകളും നടന്നിട്ടുള്ളത് യഥാക്രമം 04.04.2018-ലും 05.05.2018-ലുമാണ്. കാലവർഷത്തിന് മുമ്പ് നടപടി ക്രമങ്ങൾ പാലിക്കാതെ ഇ-ടെണ്ടർ ഒഴിവാക്കി നടത്തിയ ടെണ്ടർ നടപടിയാണ് ഇവ രണ്ടും. 2018-19 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ 5 ലക്ഷം രൂപയിൽ അധികരിക്കുന്ന അടങ്കൽ തുക വകയിരുത്തിയിട്ടും അതിൽ ഒന്നുപോലും ഇ-ടെണ്ടർ വിളിക്കാതിരുന്നത് വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതും ആയത് മൂലം സ്ഥാപനത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി നഷ്ടതുക ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പ് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല – ചെലവ് തടസ്സം രൂ.232500/-

| വൗച്ചർ നമ്പർ തിയതി | തുക |
|---|---|
| 21801297/ 30.03.2019 | 232500 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹൈമാസ്റ്റ്,മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾക്കായി തൃശ്ശൂരുള്ള മെർക്കുറി ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിന് മേൽ സൂചിത വൗച്ചർ പ്രകാരം 232500/- നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.പ്രവൃത്തി പൂർത്തീകരിച്ച് തൃപ്തികരമെന്ന് വിലയിരുത്താതെ തുക മുൻകൂറായി നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത ചെലവ് ₹232500/- തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-28 ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണമായി ലഭ്യമായില്ല.

**<u>(എ)സി.എച്ച്.സിക്കു മരുന്നു വാങ്ങൽ</u>**-മരുന്നുകൾ പൂർണമായി ലഭിച്ചിട്ടില്ല

പ്രോ.നം :- 156

ബിൽ നം. :- 01/18-19/31-05-18 ₹210000/-

മെഡിക്കൽ ഓഫീസർ(ആരോഗ്യം) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ സി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ₹210000/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ₹191498/-യുടെ മരുന്നുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. ₹18502/-യുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(ബി)ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. :- 35

ബിൽ നം. :- 1/18-19/29.09.18, ₹300000/-

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം മൂന്നാർ ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് ₹150000/-യും ആയുഷ് NHMഹോമിയോയ്ക്ക് ₹150000/-യും ഉൾപ്പെടെ ആകെ ₹300000/-മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് നൽകിയിരുന്നു. ലഭ്യമാക്കിയ രേഖകളും രജിസ്റ്ററും പ്രകാരം തൻവർഷം ആകെ ₹120260/-യുടെ മരുന്നുകളാണ് ലഭിച്ചത്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(നം.21) ₹179740/-യുടെ മരുന്നുകൾ ലഭ്യമാകാനുള്ളതായി മറുപടി ലഭിച്ചു. ശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-29 ഡെപ്പോസിറ്റ് വർക്ക് -പദ്ധതി പൂർത്തീകരിച്ച വിവരങ്ങളില്ല

പ്രോജക്ട് നം.95/17, 96/17 പ്രകാരം കുഴൽകിണർ സ്ഥാപിക്കുന്നതിന് ₹4,00,000/- ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രസ്തുത തുകയിൽ ₹336200/- 8.3.2019-ൽ തിരികെ ട്രഷറിയിൽ ഒടുക്കിയതായി ലെഡ്ജറിൽ കാണുന്നു. 2018-19-ലെ ബാലൻസ് ഷീറ്റിൽ ₹63800/- ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച വിവരങ്ങളും പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യാക്കേണ്ടതാണ്.

### 1-30 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-തനത് ഫണ്ടിൽനിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016ലെ സർക്കാർ ഉത്തരവ് (സാധാ.)409/16 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ മുൻവർഷങ്ങളിൽ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹1317841/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

### 1-31 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ -പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

ഇ.എം.ഡി, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം ₹1122182/-യും നീക്കിയിരിപ്പുള്ളതായും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ₹1106482/- നീക്കിയിരിപ്പുള്ളതായും കാണുന്നു. കണക്കുകളിലെ വ്യതിയാനം വിശദീകരിക്കേണ്ടതാണ്. നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിക്കാത്തപക്ഷം കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുഛേദം 282 കാണുക). എന്നാൽ വർഷം തിരിച്ചുള്ള തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുകകൾ കാലഹരണപ്പെട്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ കൃത്യതയും പരിശോധിക്കുവാൻ കഴിഞ്ഞില്ല. നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം തയ്യാറാക്കി കാലഹരണപ്പെട്ട തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-32 ലൈഫ് അവലോകനം

**(എ)**

| | |
|---|---|
| ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ | 22 |
| പൊതുവിഭാഗം | 9 |
| പട്ടികജാതി | 9 |
| പട്ടിക വർഗ്ഗം | 4 |
| അർഹരായ ഗുണഭോക്താക്കൾ | 22 |

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 9 | 9 | 4 | 22 |
| പണി തുടങ്ങാത്തത് | 0 | 1 | 0 | 1 |
| തറ തീർന്നത് | 0 | 1 | 0 | 1 |
| ലിന്റൽ തീർന്നത് | 4 | 5 | 0 | 9 |
| മേൽക്കൂര തീർന്നത് | 2 | 2 | 4 | 8 |
| പണി തീർന്നത് | 3 | 0 | | 3 |

### 1-33 എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള

ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർദ്ദേശിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള ആശുപത്രികളുടെ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-34 ആശ്രയ പദ്ധതി അക്കൗണ്ടിൽ ഗണ്യമായ നീക്കിയിരിപ്പ്

ദാരിദ്ര്യ നിർമ്മാർജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടം പ്രോജക്ടുകൾക്ക് വേണ്ടി നൽകിയ തുക നാളിതുവരെയും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. ആശ്രയ അക്കൗണ്ടിൽ രണ്ടാം ഘട്ട പ്രോജക്ടിൽ ₹1780128/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

### 1-35 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.01.2010ലെ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം,

ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 വർഷങ്ങളായി നികുതികുടിശ്ശികയുള്ള വാഹനങ്ങളുടെ നികുതി ഒടുക്കിയിട്ടും ഉപയോഗപ്രദമാക്കാൻ നടപടികളില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള രണ്ട് സ്കൂൾ ബസുകളുടെ വാഹന നികുതി 2012 മുതൽ കുടിശ്ശികയായത് തൻവർഷം ഒടുക്കുകയുണ്ടായി. (12.06.2019-ലെ വൗച്ചർ നം. 21800233 തുക ₹91998/-) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹന ഉടമ | വാഹന രജിസ്ട്രേഷൻ നം. | നികുതി കാലയളവ് | ഒടുക്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | KL-06-A-5147 | 01.04.17- 30.06.2018 | ₹35207/- | 33 seat TATA transport vehicle |
| 2 | ടി- | KL-06-A-5148 | 01.10.2012-30.09.2017 | ₹37091/- | 33 seat Telco Motors transport vehicle |
| 3 | | | 01.10.17-30.06.18 | ₹19700 | |
| | ആകെ | | | 91998/- | |

മേൽ വിവരിച്ച വാഹനങ്ങളുടെ കുടിശ്ശിക നികുതി ഒടുക്കിയിട്ട് ലേലം ചെയ്തതായോ, കേടുപാടുകൾ തീർത്ത് ഉപയോഗപ്പെടുത്തിയതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. കൂടാതെ പഞ്ചായത്തിലെ ആംബുലൻസ് അപകടത്തിൽപ്പെട്ടതിനാൽ വളരെക്കാലമായി ഉപയോഗിക്കുവാൻ കഴിയാതിരിക്കുകയാണ്. ഇത്തരം ആസ്തികൾ നിഷ്ക്രിയ ആസ്തികളായി മാറാതിരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള ഇ-ടെണ്ടർ നടപടികൾ പാലിക്കുന്നില്ല.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ജി.ഒ.(എം.എസ്.) 13/2015/ഐ.റ്റി.ഡി./തീയതി 12.05.2015 ഉത്തരവ് പ്രകാരം ₹ 5 ലക്ഷം മുതലുള്ള എല്ലാ വാങ്ങലുകളും ഇലക്ട്രോണിക് ടെണ്ടർ മുഖേന നടത്തേണ്ടതാണെന്നിരിക്കെ താഴെ പറയുന്ന പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കിയിരിക്കുന്നു.

<u>1 ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം</u>

| | |
|---|---|
| പ്രോജക്ട് | S0146/19,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| അടങ്കൽ ₹ 49,50,000/- (2017-18) | ₹4943000/- (വികസന ഫണ്ട് എസ്.സി.പി.) |

| | |
|---|---|
| | ₹7000/- (തനത് ഫണ്ട്) |
| അടങ്കൽ ₹20,07,000/- (2018-19) | ₹1993000/- (വികസന ഫണ്ട് എസ്.സി.പി.)<br><br>₹14000/- ( തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ/ബിൽ നം./തീയതി/ തുക | 1) 8/18-19/ 17.07.18/ ₹ 1993000/-<br><br>2) 21800353/ 27.07.18/ ₹ 13000/-<br><br>**ആകെ ചെലവ് (2018-19)** **₹ 2006000/-** |

മേൽ പദ്ധതിക്കായി 21.12.2017 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ₹4950000/- അടങ്കൽ രേഖപ്പെടുത്തി സാധാരണ ടെണ്ടർ വിളിക്കുകയും ആയതിൻ പ്രകാരം ലഭിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്കായ ₹29500/- രേഖപ്പെടുത്തിയ മൈക്രോ മീഡിയ, കട്ടപ്പന എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 100 ലാപ് ടോപ്പ് വിതരണം നടത്തിയതിന് ₹2950000/- നൽകുകയും ചെയ്തു. പദ്ധതി സ്പിൽ ഓവർ ആയി തുടർന്നതിനാൽ 05.05.2018 ലെ നോട്ടീസ് പ്രകാരം ₹2007000/- അടങ്കൽ രേഖപ്പെടുത്തി മറ്റൊരു സാധാരണ ടെണ്ടർ ക്ഷണിക്കുകയും ഒമേഗ സോളാർ, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന്റെ ₹29500/- യുടെ കുറഞ്ഞ നിരക്ക് അംഗീകരിച്ച് 68 ലാപ് ടോപ്പ് വാങ്ങി വിതരണം നടത്തുകയും ചെയ്തു.

അഞ്ച് ലക്ഷം രൂപയിൽ കവിഞ്ഞ വാങ്ങലുകൾ ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണ് എന്നിരിക്കെ ₹4950000/-യുടെ വാങ്ങലിനായി 2017-18 വർഷം സാധാരണ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് ഇതേ നടപടി തൻവർഷം ആവർത്തിക്കുകയും ചെയ്തു. ടെണ്ടർ പ്രകാരം വാങ്ങൽ നടത്താതെ പുതിയ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു. അഞ്ച് ലക്ഷം രൂപ അധികരിച്ചിട്ടും ഇ-ടെണ്ടർ ഒഴിവാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ടെണ്ടർ പരസ്യത്തിൽ ലാപ് ടോപ്പിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം ഏതാണെന്ന് വ്യക്തമാക്കിയിരുന്നില്ല. വിതരണം ചെയ്ത ലാപ് ടോപ്പിൽ ഫ്രീ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് നൽകിയിരിക്കുന്നത്. ആകെ വിതരണം ചെയ്യുവാൻ വിഭാവനം ചെയ്ത 168 ലാപ് ടോപ്പിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിൽ ലഭിക്കാവുന്ന വിലക്കുറവ് നടപടിക്രമങ്ങളിലെ വീഴ്ചമൂലം ലഭിക്കാതെ വന്നു.

**2) മൂന്നാർ ടൗണിൽ സി.സി.ടി.വി. സ്ഥാപിക്കൽ**

| | |
|---|---|
| പ്രോജക്റ്റ് | S0260/19, മൂന്നാർ ടൗണിൽ സി.സി.ടി.വി. സ്ഥാപിക്കൽ |
| അടങ്കൽ | ₹ 500000/- ( തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൌച്ചർ നം./തീയതി/ തുക | 1) 21801298/30.03.2019 / ₹491486/- (GST ₹8330/-) |

മൂന്നാർ ടൗണിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മേൽ പദ്ധതിക്ക് ₹500000/- ആയിരുന്നു അടങ്കൽ. 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കൽ തുകയുള്ള പദ്ധതികൾ

ഇ-ടെണ്ടർ നടത്തണമെന്ന വ്യവസ്ഥയുണ്ടായിരിക്കെ ആയത് പാലിക്കാതെ സാധാരണ ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ₹491500/-രേഖപ്പെടുത്തിയ നാഗേശ്വരി എന്റർ പ്രൈസസ് എന്ന സ്ഥാപനം മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 2019 മാർച്ച് മാസത്തിലാണ് പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചതെന്നും പദ്ധതി ചെലവ് ശതമാനം കുറവായതിനാൽ അടിയന്തരമായി പദ്ധതി നടപ്പാക്കേണ്ടിവന്നതിനാൽ ഇ- ടെണ്ടർ നടപടിക്ക് കാലതാമസം നേരിടുമെന്നതിനാലുമാണ് ഇപ്രകാരം നിർവ്വഹിക്കേണ്ടിവന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2018-19 ൽ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന എല്ലാ പദ്ധതികളും ഇപ്രകാരം ഇ-ടെണ്ടറിൽ നിന്ന് ഒഴിവാക്കി പ്രാദേശികമായ ചില സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുക്കുന്നതിൽ ദുരൂഹതയുണ്ട്. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഭരണവകുപ്പ് വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

### 1-38 ആനുകൂല്യം കൈപ്പറ്റിയെങ്കിലും ഭവനനിർമാണം ആരംഭിച്ചിട്ടില്ല.

പ്രോ.നം.22 ചെലവ് : 360000-

വി.ഇ.ഒ നടപ്പാക്കിയ രണ്ടാം ഘട്ടം ലൈഫ് ഭവന പദ്ധതി (scp) ൽ ഉൾപ്പെട്ട 9ഗുണഭോക്താക്കളിൽ 8പേർക്ക് രണ്ടു ഗഡു ആനുകൂല്യം (40000+160000) അനുവദിച്ചു നല്കി. എന്നാൽ ശ്രീ ജയസിംഗ് s/o വേലുസാമി, വാഗുവര എസ്റ്റേറ്റ്, തലയാർ, ഗുണ്ടുമലൈ എന്നയാൾക്ക് ആദ്യ ഗഡു ₹40000/- മാത്രമേ നല്കിയിട്ടുള്ളൂ. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.27) 07/03/19ന് ടിയാൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമാണം ആരംഭിച്ചിട്ടില്ലായെന്നും ആയതിനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് 18/12/19ലെ എ7/8101/19 നംപരായി കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തേണ്ടതും പ്രസ്തുത ആനുകൂല്യം ഭവനനിർമാണത്തിന് വിനിയോഗിക്കാത്ത പക്ഷം ആയതു നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിലടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പ്രസ്തുത ചെലവ് ₹40000/-തടസ്സപ്പെടുത്തുന്നു.

## ഭാഗം-2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ലീനിംങ്ങ് തൊഴിലാളികൾക്ക് ഗംബൂട്ട്, റെയിൻ കോട്ട്, യൂണിഫോം വിതരണ പദ്ധതിയിലെ വാങ്ങൽ നടപടിയിൽ അപാകത-നഷ്ടം-₹11410/-

| | |
|---|---|
| പ്രോജക്ട് | S0224/19, ക്ലീനിംങ്ങ് തൊഴിലാളികൾക്ക് ഗംബൂട്ട്, റെയിൻ കോട്ട്, യൂണിഫോം |

| | |
|---|---|
| അടങ്കൽ | ₹ 400000/- ( തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./തീയതി/ തുക | 21800715/ 26.10.2018/ ₹237720/- |

മേൽ പദ്ധതി പ്രകാരം തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഗംബൂട്ട്, ഗ്ലൗസ് എന്നിവ യഥാക്രമം 300 ജോഡി, 700 ജോഡി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം മൂന്ന് ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്.

| സ്ഥാപനം | ഗംബൂട്ട് | ഗ്ലൌസ് | ആകെ |
|---|---|---|---|
| സെയ്ഫ് സോൺ ട്രേഡേഴ്സ് , കൊച്ചി | 143325 | 11977 | 155302 |
| ക്ലിയർ ടെക്, രാജകുമാരി | 147000 | 97300 | 244300 |
| സ്റ്റഡ് സേഫ്റ്റി പ്രോഡക്ട്സ്, കൊച്ചി | 135450 | 90860 | 226310 |

ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ **സെയ്ഫ് സോൺ ട്രേഡേഴ്സ്, കൊച്ചി** എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 24.10.2018 ലെ 4(5) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും. സാധനസാമഗ്രികൾ വാങ്ങിയത് **സ്റ്റഡ് സേഫ്റ്റി പ്രോഡക്ട്സ്, കൊച്ചി** എന്ന സ്ഥാപനത്തിൽ നിന്നാണ്. ആയതിന് കാരണം വ്യക്തമല്ല. കൂടാതെ പ്രസ്തുത സ്ഥാപനം ദർഘാസ് പരസ്യത്തിൽ രേഖപ്പെടുത്തിയ തുകയിലും കൂടിയ നിരക്കിലാണ് സാധനങ്ങൾ വിതരണം ചെയ്തത്. തന്മൂലമുണ്ടായ അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം (ജോഡി) | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് (നികുതി ഉൾപ്പെടെ) | നൽകിയ നിരക്ക് (നികുതി ഉൾപ്പെടെ) | നിരക്കിലെ വ്യത്യാസം | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|
| 1 | Rubber 60 GM Gloves | 700 | 129.80 | 141.60 | 11.80 | 8260 |
| 2 | Rubber Gumboot | 300 | 451.50 | 462 | 10.50 | 3150 |
| | | | | | **ആകെ** | **11410** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 35) മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പ്രകാരം വാങ്ങൽ നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അംഗീകരിച്ചതിലും അധികരിച്ച തുക നൽകിയ സെക്രട്ടറിയിൽ നിന്ന് ₹11410/- ഈടാക്കേണ്ടതുമാണ്.

### 3-2 റോഡ് കോൺക്രീറ്റിംഗ്-ടെൻഡർ അംഗീകാരത്തിലെ പിഴവ് മൂലം നഷ്ടം സംഭവിച്ചു

| | |
|---|---|
| പദ്ധതി | തലയാർ ഡിവിഷൻ സെൽവറാണി വീട് മുതൽ പൂമണി വീട് വരെ റോഡ് **(വാർഡ്-5) –(161/19)** |

| | |
|---|---|
| അടങ്കൽ | ₹400000/- |
| ചെലവ് | ₹302859/- (ബിൽ നം.13/18-19/24.5.2018) |
| നിർവഹണം | അസിസ്റ്റന്റ് എൻജിനീയർ |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിന് ക്ഷണിച്ച ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്തത് ശ്രീ ജെ. മനോജ് s/o ജയിംസ് എന്നയാളാണ്(302220/- (23.14% കുറവ്). എന്നാൽ ഇയാൾ കരാർ ചമയ്ക്കാൻ തയ്യാറാകാതിരുന്നതുമൂലം ടെൻഡർ നടപടികൾ റദ്ദ് ചെയ്ത് റീ ടെൻഡർ ക്ഷണിക്കുകയും എസ്റ്റിമേറ്റിനേക്കാൾ ഒരു ശതമാനം കുറവ് രേഖപ്പെടുത്തിയ ഇതേ കരാറുകാരൻമുഖേന പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ടെൻഡർ നടപടികളിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കാതെ വീണ്ടും നിർവ്വഹണച്ചുമതലയേൽപ്പിക്കുക വഴി അധിക ചെലവുണ്ടായതിന് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകുകയുണ്ടായി.

കറാറുകാരനായ ശ്രീ. മനോജ് എഗ്രിമെന്റ് വെയ്ക്കാൻ തയ്യാറാകാതിരുന്നതിനാൽ റീ-ടെന്റർ നടത്താമെന്നും തുടർന്ന ശ്രീ. മനോജിനെ പങ്കെടുപ്പിക്കേണ്ടതില്ലായെന്നും തീരുമാനമെടുത്തെങ്കിലും(തീരുമാനം നം.1(1)21.02.2018) ഒരു ബന്ധുവിന്റെ മരണംമൂലം യഥാസമയത്ത് കരാറിൽ എർപ്പെടുവാൻ കഴിഞ്ഞില്ല എന്ന വിവരം ചൂണ്ടിക്കാട്ടി സമർപ്പിച്ച മാപ്പപേക്ഷ അംഗീകരിച്ച് (16.3.2018-ലെ 1(5) തീരുമാനപ്രകാരം) റീ-ടെന്ററിൽ ഇദ്ദേഹത്തെ ഉൾപ്പെടുത്തി ക്വോട്ട് ചെയ്ത 1% കുറവ് അംഗീകരിക്കുകയാണണ്ടായതെന്ന് അസി.എൻജിനീയർ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

ശ്രീ. മനോജിന്റെ അപേക്ഷ പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ചപ്പോൾ മുൻ തീരുമാനപ്രകാരം 23.14% കുറവ് ക്വോട്ട് ചെയ്ത ടെന്റർ നിരക്ക് സംബന്ധിച്ച് കൂടിയാലോചന നടത്തി ടെൻഡർ ഉറപ്പിക്കാതിരുന്നതുമൂലം താഴെ പട്ടികയിൽ വിവരിക്കുന്ന രീതിയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു.

| ക്രമ നം. | എസ്റ്റിമേറ്റിലെ ഐറ്റം നം./ഇനം | എം.ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് | ടെന്ററിൽ ക്വോട്ട് ചെയ്ത നിരക്ക് | ടെന്റർ പ്രകാരം നൽകാവുന്ന തുക |
|---|---|---|---|---|
| 1 | 1/Excavation in soil | 32.40 cum | 60.00 | 1944 |
| 2 | 2/15mm thick back filling | 324.00sqm | 40.00 | 12960 |
| 3 | 3/Providing concrete for plain/reinforced concrete | 33.81cum | 6900 | 233289 |
| ആകെ ടെൻഡർ പ്രകാരം നൽകാവുന്ന തുക | | | | 248193 |
| നൽകിയ തുക | | | | 302859 |

| | |
|---|---|
| **അധികം നൽകിയത്** | **54666** |

മേൽ പരാമർശിച്ച പ്രകാരം അധികം നൽകിയ ₹54666/-ഉത്തരവാദിയായ അസി.എൻജിനീയർ, 16.03.2018-ലെ റീ ടെൻഡർ അംഗീകരിച്ച കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 14.06.2019,15.06.2019 | കെ.എസ്.എ-ഐ.ഡി.കെ.3/520 (37)<br>തി.16.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 1000000 | ലൈഫ് ഭവന നിർമ്മാണം | 1000000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹665000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹206250 |

| | |
|---|---|
| ആകെ | ₹871250 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക(പലിശ ഉൾപ്പടെ) | ₹871250 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | നെടുങ്കണ്ടം പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സൊസൈറ്റി | 06.02.2015ൽ ₹500000/- | 01.04.2018 മുതൽ 31.03.2019 വരെ | പലിശ ഉൾപ്പടെ ₹871250/- | |
| | | | ആകെ | 871250 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-1996 | 4 | 1999-2000 | | പണപിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-1998 | 39 | 1999-2000 | | ഇടമലക്കുടി ആദിവാസി കോളനി മരാമത്ത് വേല നടത്തിയതിന് രേഖയില്ല | -ടി- |
| 1997-1998 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-1998 | 46 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | വാങ്ങൽ | |
| 2001-2002 | 2-5 | 2005-2006 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല നഷ്ടം | -ടി- |
| പ്രവർത്തനാവലോകനം | പേജ് നം.161 | 2013-2014 | 5-3 | ഫ്ലോർ മിൽ,പേപ്പർ, ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്-വാങ്ങൽ ലക്ഷ്യം കൈവരിച്ചില്ല. | തൽസ്ഥിതി തുടരുന്നു. |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ ടൂറിസം സോൺ വേയ്സ്റ്റ് മാനേജ്മെന്റ്- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമില്ല. | തൽസ്ഥിതി തുടരുന്നു. |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5-1 | കെട്ടിടനിർമ്മാണ പെർമിറ്റ് പോരായ്മകൾ | തൽസ്ഥിതി തുടരുന്നു. |
| 2002-03 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തൽസ്ഥിതി തുടരുന്നു. |
| 2011-12 | 3-5 | 2014-15 | 6-9 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് 22.9 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ | |
| | | 2014-15 | 4-1-4 | വിഷയാധിഷ്ഠിത അവലോകനം-നിഷ്ക്രിയ | |

| | | | | | |
|---|---|---|---|---|---|
| | | | | ആസ്തികൾ | |
| 2012-13 | 3-3 | പേജ് നം. 132, 136 | | പ്രവർത്തനാവലോകനം-ആരോഗ്യമേഖല | |
| | | 2015-16 | 3-6-1 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | |
| | | 2015-16 | 5-1-1<br>5-1-5<br>(പേജ് നം. 49-53&184-185) | കെട്ടിട നിർമ്മാണ പെർമിറ്റ്- പോരായ്മകൾ | |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ സോൺവേസ്റ്റ് മാനേജ്മെന്റ്- ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-4 (പേജ്-180) | വസ്തുനികുതി-അപാകതകൾ | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി | |
| 2016-17 | - | 2017-18 | അനുബന്ധം-7 (പേജ് 505) | ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ- പി.ഡബ്ല്യു.ഡി-ൽ തുക നിക്ഷേപിച്ചത്. പണിപൂർത്തീകരിച്ചില്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

## 4-9 ചാർജ് /സർചാർജ് നടപടിവഴി ഈടാക്കിയ തുക

ലഭ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) ചാർജ് നടപടിവഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | ചാർജ് സർചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1999-00 | 22(b)(c), 23(b)(c), 24,26 | വൈ. സേതുനാഥ്, സെക്രട്ടറി | LF.12696/ SC2/03 dt. 25.02.04 | 81151 | തുക അടവാക്കിയിട്ടില്ല. | ഇല്ല | | | | | 81151 | |
| 3 | 1997-98 | 29, 31 (P) | ശ്രീ.വൈ. സേതുനാഥ്, സെക്രട്ടറി | LF.20428/ SP.Cell/ SC2/01 dt. 16.12.02 | 28500+ 435 | ഖണ്ഡിക.29 ₹28500/- അടവാക്കിയിട്ടില്ല<br>ഖണ്ഡിക.31 തുക-3365/-, LF.20428/ Sp/Cell/ SC2 /01 dt.28.9.13 പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട് | | | | | | 28500+ 435 | |

(ബി)സർചാർജ് നടപടിവഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | ചാർജ് സർചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | (തീയതി) | | | | | |
| | | | | നമ്പരും തീയതിയും | തുക | | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 2 | 2005-06 | 3-2(i) | ശ്രീ. എം.എൽ. അബ്ദുൽറഹീം സെക്രട്ടറി(റിട്ട.) ഒറ്റപ്ലാക്കൽവീട്, കൊല്ലം.പട്ടട, ഇടുക്കി -685509 കുമിളി.പി.ഒ | LF 7457/ Sp.cell/ csc/c1/11 തി. 29.4.2012 | 21511 | തുക ഈടാക്കി യിട്ടില്ല | ഇല്ല | | | | | 21511 | |
| 3 | 1999-00 | 33, 34 | വൈ. സേതുനാഥ്, സെക്രട്ടറി | LF.12696/ Sp.Cell/ SC2/03 dt. 25.2.04 | 23809 | തുടർ നടപടി കൾ ഒന്നും സ്വീകരി ച്ചിട്ടില്ല. | ഇല്ല | | | | | 23809 | |
| 4 | 2007-08 | 3-13 | കെ.വിജയകുമാർ, സെക്രട്ടറി | LF.16677/ Sp.Cell/ CSC/ C1/12 dt. 24.09.13 | 45443 | തുടർ നടപടി കൾ ഒന്നും സ്വീകരി ച്ചിട്ടില്ല. | ഇല്ല | | | | | 45443 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 111239198 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98745788 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 65976 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3225300 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 11410 | ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ,സെക്രട്ടറി |
| 3-2 | - | 54566 | ₹2481/- ശാന്ത എം., മെമ്പർ |
| | | | ₹2481/-സംഗീത.കെ., മെമ്പർ |
| | | | ₹2481/-മോഹൻദാസ്.എം.മെമ്പർ |
| | | | ₹2481/- പാർത്ഥസാരഥി ഡി.മെമ്പർ |
| | | | ₹2481/- ഉമ,മെമ്പർ |
| | | | ₹2481/- ഗിരി,മെമ്പർ |
| | | | ₹2480/-ആർ.കറുപ്പസാമി,മെമ്പർ |
| | | | ₹2480/-ഗുരുവൃത്തായി,മെമ്പർ |
| | | | ₹2480/-സീത,മെമ്പർ |
| | | | ₹2480/-എസ്.സ്റ്റാലിൻ,മെമ്പർ |
| | | | ₹2480/-വി.ധനലക്ഷ്മി,മെമ്പർ |
| | | | ₹2480/-ശ്രീരാമകൃഷ്ണൻ,മെമ്പർ |
| | | | ₹2480/-കെ.തങ്കരാജ്,മെമ്പർ |
| | | | ₹2480/-വെള്ളത്തായി,മെമ്പർ |
| | | | ₹2480/-സുധ.ആർ, മെമ്പർ |
| | | | ₹2480/-ഗോപാൽ.ജെ,മെമ്പർ |
| | | | ₹2480/-ഷർമിളബീവി,മെമ്പർ |
| | | | ₹2480/-പി.നാഗേന്ദ്രൻ,മെമ്പർ |

| | | | |
|---|---|---|---|
| | | | ₹2480/-എം.പളനിസാമി,മെമ്പർ |
| | | | ₹2480/-കെ.മാരിയമ്മാൾ, മെമ്പർ |
| | | | ₹2480/-വെള്ളത്തായി,മെമ്പർ |
| | | | ₹2480/-ശ്രീ.രാഹുൽ മോഹൻ,അസി.എൻജിനീയർ |
| **ആകെ** | | **65976** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| **ഖണ്ഡിക നമ്പർ** | **തുക(₹)** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-20 (എ) | 2496900 | ശ്രീ.കലേഷ് പി.ഡി,അസി.സെക്രട്ടറി |
| 1-20 (ബി) | 495900 | ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ,സെക്രട്ടറി |
| 1-27 | 232500 | ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ,സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| **ഖണ്ഡിക നമ്പർ** | **തുക** |
|---|---|
| ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-13, 1-19, 1-20, 1-26 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)**<br>**ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>അമ്പലവയൽ<br>ഗ്രാമപഞ്ചായത്ത് | അർജ്ജുനം, ചാലിമുക്ക്,<br>എക്സ് സർവ്വീസ് മെൻ കോളനി,<br>പച്ചപാലോട്,തിരുവനന്തപുരം |
| ശ്രീ.കലേഷ് പി.ഡി,<br>അസി.സെക്രട്ടറി | അടിത്തുൺപറ്റി | പാറയ്ക്കൽ ഹൗസ്,<br>കുന്നക്കാൽ പി.ഒ,വാളകം,<br>മൂവാറ്റുപുഴ |

| | | |
|---|---|---|
| | | |
| ശ്രീ.രാഹുൽ മോഹൻ,<br>അസി.എഞ്ചിനീയർ | | ഇരവിക്കാട്ട് ഹൗസ്,390<br>കുമ്പളം പി.ഒ, എറണാകുളം |
| ശാന്ത എം., മെമ്പർ | | പെട്ടിമുടി ഡിവിഷൻ,<br>നയമക്കാട് എസ്റ്റേറ്റ്<br>മൂന്നാർ-685612 |
| സംഗീത.കെ., മെമ്പർ | | പാമ്പൻമലൈ ഡിവിഷൻ<br>തലയാർ എസ്റ്റേറ്റ്,<br>ചട്ടമൂന്നാർ-685614 |
| മോഹൻദാസ്.എം.മെമ്പർ | | ലക്കം,ന്യൂ ഡിവിഷൻ,<br>വാഗുവരൈ എസ്റ്റേറ്റ് തലയാർ<br>685614 |
| പാർത്ഥസാരഥി ഡി.മെമ്പർ | | ഫാക്ടറി ഡിവിഷൻ<br>വാഗുവരൈ എസ്റ്റേറ്റ് തലയാർ<br>685614 |
| ഉമ,മെമ്പർ | | തലയാർ എസ്റ്റേറ്റ്,<br>തലയാർ,685614 |
| ഗിരി,മെമ്പർ | | ടോപ്പ് ഡിവിഷൻ,<br>വാഗുവരൈ എസ്റ്റേറ്റ് , മൂന്നാർ-685612 |
| ആർ.കറുപ്പസാമി,മെമ്പർ | | ലോവർ ഡിവിഷൻ, കണ്ണിമല എസ്റ്റേറ്റ്, മൂന്നാർ- |

| | | |
|---|---|---|
| | | 685612 |
| ഗുരുവൃത്തായി,മെമ്പർ | | ടോപ്പ് ഡിവിഷൻ, പെരിയവരൈ എസ്റ്റേറ്റ്,<br>മൂന്നാർ-685612 |
| സീത,മെമ്പർ | | ന്യൂ കോളനി,മൂന്നാർ-685612 |
| എസ്.സ്റ്റാലിൻ,മെമ്പർ | | സെൻട്രൽ എക്സൈസ് ക്വാർട്ടേഴ്സ്,മാട്ടുപ്പെട്ടി റോഡ്,<br>മൂന്നാർ-685612 |
| വി.ധനലക്ഷ്മി,മെമ്പർ | | ഹൈറേഞ്ച് ക്ലബ് റോഡ്, മൂന്നാർ-685612 |
| ശ്രീരാമകൃഷ്ണൻ,മെമ്പർ | | സൗത്ത് ഡിവിഷൻ, ചൊക്കനാട് എസ്റ്റേറ്റ്,<br>മൂന്നാർ-685612 |
| കെ.തങ്കരാജ്,മെമ്പർ | | സെവൻമലൈ എസ്റ്റേറ്റ്,ന്യൂ മൂന്നാർ ഡിവിഷൻ,<br>മൂന്നാർ-685612 |
| വെള്ളത്തായി,മെമ്പർ | | നാഗർമുടി ഡിവിഷൻ<br>സെവൻമലൈഎസ്റ്റേറ്റ്,<br>മൂന്നാർ-685612 |
| സുധ.ആർ, മെമ്പർ | | ലക്ഷ്മി എസ്റ്റേറ്റ്, സൗത്ത് ഡിവിഷൻ,മൂന്നാർ-<br>685612 |
| ഗോപാൽ.ജെ,മെമ്പർ | | കല്ലാർ എസ്റ്റേറ്റ്, പുതുക്കാട് ഡിവിഷൻ,മൂന്നാർ-<br>685612 |
| ഷർമിളബീവി,മെമ്പർ | | ഈസ്റ്റ് ഡിവിഷൻ, നല്ലതണ്ണി എസ്റ്റേറ്റ്,മൂന്നാർ-<br>685612 |

| | | |
|---|---|---|
| | | |
| പി.നാഗേന്ദ്രൻ,മെമ്പർ | | നടയാർ നോർത്ത് ഡിവിഷൻ,<br>നല്ലതണ്ണി എസ്റ്റേറ്റ്,<br>മൂന്നാർ-685612 |
| എം.പളനിസാമി,മെമ്പർ | | 6 റൂംസ് ലൈൻ, നല്ലതണ്ണി റോഡ്, മൂന്നാർ-685612 |
| കെ.മാരിയമ്മാൾ, മെമ്പർ | | ചോലമലൈ ഡിവിഷൻ,മൂന്നാർ<br>മൂന്നാർ-685612 |
| വെള്ളത്തായി,മെമ്പർ | | കടലാർ വെസ്റ്റ് ഡിവിഷൻ,നയമക്കാട്<br>എസ്റ്റേറ്റ്,മൂന്നാർ-685612 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നം. |
|---|---|---|---|
| 1993-94 &<br>1994-95 | എൽ.എഫ്.ഐ-7/426/ 03.01.98 | 25 | 3, 4, 5, 6, 7, 8, 9,15, 16,<br>17, 18,19, 20, 21, 22, 23,<br>24, 25, 26, 27,<br>28, 29, 30, 31, 32 |
| 1995-96 | എൽ.എഫ്.ഐ.-14/1029/13/ 01.10.13 | 15 | 2(1), 3(2), 3(3), 3(4),<br>3(5), 3(6),4, 5, 6, 16,<br>17, 18, 19, 20, 21 |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.-9/389/02/ 09.07.02 | 22 | 27, 28, 29, 30, 31, 32, 33, 34,35, 36, 37, 38, 39, 40, 41, 42,43, 44, 45, 46, 47, 48 |
| 1997-98 | എൽ.എഫ്.ഐ.-9/725/99/ 25.09.01 | 24 | 27, 28, 29, 30, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 46, 47, 48, 49, 50, 51, 52 |
| 1998-99 | എൽ.എഫ്.ഐ.-9/437/01/ 08.11.02 | 47 | 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 56, 57എ, 57ബി, 57 സി, 57ഡി, 57ഇ, 57എഫ്, 58എ, 58ബി, 58സി, 58ഡി, 59 |
| 1999-2000 | എൽ.എഫ്.ഐ.-9/241/04/ 03.05.04 | 24 | 21, 22, 22എ, 22ബി, 22സി, 23എ, 23ബി, 23സി, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39 |
| 2000-01 | എൽ.എഫ്.ഐ.-9/124/03/ 26.08.04 | 25 | 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44 |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.ഐ.-9/610/07/ 03.07.2007 | 24 | 2(2), 2(3), 2(4), 2(5), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14),3(15), 3(16), 3(17), 3(18), 3(19), 3(20) |
| 2002-03 | എൽ.എഫ്.ഐ.-9/355/2009/ 30.06.09 | 25 | 2(1),2(2), 2(3)എ, 2(3)ബി, 2(3)സി, 2(4), 2(5) 2(6),2(7), 2(8), 2(9), 2(10), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14) |
| 2003-04 | എൽ.എഫ്.ഐ.-9/60/08/ 07.01.08 | 23 | 2(1), 2(2), 2(3), 2(5), 3(1), 3(2), 3(3), 3(4), 3(5)എ, 3(5)ബി, 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14), 3(15), 3(16), 3(17), 3(18) |
| 2004-05 | എൽ.എഫ്.ഐ.-9/620/09/ 24.07.09 | 18 | 2(3), 2(4), 2(5), 2(6), 2(7), 2(8), 2(9), 2(10), 2(11), 2(12), 2(13), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7) |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.ഐ.-91108/2009/ 29.03.11 | 13 | 2(1),2(2), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11) |
| 2006-07 | എൽ.എഫ്.ഐ.-14/53/12/ 08.02.12 | 22 | 1(1), 1(2), 1(3), 1(4), 2(1), 2(2), 2(4), 3(2), 3(3),3(5), 3(6), 3(7), 3(8), 3(10), 3(11), 3(12), 3(13), 3(14), 3(15), 3(16), 3(17), 3(18) |
| 2007-08 | എൽ.എഫ്.ഐ.-14/291/ 12/02.06.12 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/ 15.10.13 | 18 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2009-10 | എൽ.എഫ്.ഐ.-14/1360/12/ 07.07.14 | 16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2010-11 | എൽ.എഫ്.ഐ.-14/463/13/ 03.07.14 | 12 | 2-1, 2-2, 3-1, 3-2, 3-3, 3-4, |

| | | | |
|---|---|---|---|
| | | | 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2011-12 | എൽ.എഫ്.ഐ.-14/215/15/ 01.04.15 | 20 | 2-1,2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-14/ 60/16/ 07.01.16 | 16 | 2-1,2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-14/ 405/16/ 16.04.16 | 15 | 2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ. 14/ 246/17/ 15.03.17 | 19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ. 14/ 13/ 18/03.08.18 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.14/ 1310/ 17/22.01.18 | 14 | 2-1,2-2, 2-3, 2-4, 3-2, 3-3, 3-4(2), 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.14/<br>936/08.10.18 | 21 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-15 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-14/1187/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി: 09.03.2020
Ph:04862-227332

E-mail:doidk.ksad@kerala.gov.in

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6),2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19ലെ** വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure – 2

## AUDIT CERTIFICATE

No.KSA-IDK-14/1187/2019

Kerala State Audit Department
District Audit Office, Idukki
Thodupuzha – 685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in
Date. 09.03.2020

Certified that I have audited the Annual Financial Statement of **MUNNAR** Grama Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **MUNNAR** Grama Panchayat for the **2018-19,** except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**